മരിച്ചവർക്ക് വേണ്ടി കുർബാന ചൊല്ലിപ്പിച്ച് പ്രാർത്ഥിപ്പിച്ചതു വഴി വർഷങ്ങളായുള്ള സ്ഥല വിൽപ്പന തടസ്സം എടുത്തു മാറ്റി കർത്താവ് അനുഗ്രഹിച്ചു

(കൗൺസിലിങ്ങ് ശുശ്രൂഷയിലൂടെ ലഭിച്ച അനുഗ്രഹം)

2025 ജൂലൈ മാസം 20-ാം തിയതി ശനിയാഴ്ച ആദ്യമായിട്ടാണ് ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വരുന്നത്. അന്നേദിവസം കൺവെൻഷനിൽ പൂർണമായി ഞാൻ പങ്കെടുത്തിരുന്നു. കൗൺസിലിങ്ങിന് അവസരം ലഭിച്ചപ്പോൾ ബ്രദർ എനിക്ക് വേണ്ടി പ്രാർത്ഥിച്ചിട്ട് മരിച്ചുപോയ മാതാപിതാക്കൾക്ക് വേണ്ടി കുർബാന ചൊല്ലിപ്പിച്ച് പ്രാർത്ഥിക്കണം എന്ന് പറഞ്ഞിരുന്നു. എന്റെ അപ്പച്ചൻ മരിച്ചിട്ട് 50 വർഷമായി. എന്റെ അമ്മ മരിച്ചിട്ട് മൂന്നുവർഷമായി. എന്റെ അമ്മയുടെ രോഗത്തെ തുടർന്ന് മൂന്നു വർഷങ്ങൾക്കു മുൻപ് സൊസൈറ്റിയിൽ ആധാരം പണയം വെച്ചതിന്റെ ഭാഗമായി വലിയ കടബാധ്യതയിൽ ആയിരുന്നു ഞങ്ങൾ. ആ കടം ആർക്കും വീട്ടാൻ സാധിച്ചിരുന്നില്ല. ശനിയാഴ്ച കൺവെൻഷൻ കഴിഞ്ഞ് വീട്ടിൽ തിരിച്ച് എത്തിയതിനു ശേഷം ഞങ്ങളുടെ പള്ളിയിൽ എന്റെ അപ്പച്ചനും അമ്മച്ചിക്കും വേണ്ടി ഞാൻ കുർബാന ചൊല്ലിപ്പിക്കാനായി പണം നൽകി. അത്ഭുതം എന്ന് പറയട്ടെ ആ ആഴ്ചയിൽ തന്നെ കടബാധ്യതയിലായിരുന്ന ആ സ്ഥലത്തിന്റെ വിൽപ്പന അത്ഭുതകരമായി നടന്നു. ഇത്ര വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

ത്രേസ്യ, ചിറ്റിശ്ശേരി

ജോർജ് എന്ന മകന്റെ പാൻക്രിയാസിലെ കല്ല് കർത്താവ് സുഖപ്പെടുത്തുന്നു

(ശാലോം ഏൽ റൂഹ ദൈവവചന ശുശ്രൂഷ)

എന്റെ സഹോദരനുവേണ്ടിയാണ് ഞാൻ സാക്ഷ്യപ്പെടുത്തുന്നത്. എന്റെ സഹോദരന് പാൻക്രിയാസിൽ ഒരു കല്ല് ഉണ്ടായിരുന്നു. പിന്നീട് അത് വളർന്ന് വരുകയും മൂത്രം ഒഴിക്കാൻ സാധിക്കാത്ത വിധത്തിൽ തടസമുണ്ടാകുകയും ചെയ്തു. കൂടാതെ ശക്തമായ യൂറിൻ ഇൻഫെക്ഷൻ വരികയും മഞ്ഞപ്പിത്തം ബാധിക്കുകയും ഹോസ്പിറ്റലിൽ അഡ്മിറ്റ് ആവുകയും ചെയ്തു. മൂന്ന് ഡോക്ടർമാരെ ഞാൻ കാണിച്ചിരുന്നു. പെട്ടെന്നുതന്നെ സർജറി ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. വലിയ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായതിനാൽ തന്നെ ഞങ്ങൾ എല്ലാവരും വലിയ വിഷമത്തിൽ ആയിരുന്നു. എന്റെ സഹോദരനെ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ചെയ്തു. ആ സമയത്ത് ശനിയാഴ്ചയിലെ ശാലോം ടിവിയിലെ ഏൽ റൂഹ ദൈവവചന ശുശ്രൂഷ കണ്ട് ഞാൻ എന്റെ സഹോദരനു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. അന്നേ ദിവസത്തെ എപ്പിസോഡിൽ റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: ''ജോർജ്ജ് എന്ന മകന്റെ പാൻക്രിയാസിലെ കല്ല് കർത്താവ് സൗഖ്യപ്പെടുത്തുന്നു'' എന്ന്. എന്റെ സഹോദരന്റെ പേര് ജോർജ്ജ് എന്നാണ്. എനിക്ക് വലിയ അത്ഭുതമായി. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. അത്ഭുതം എന്ന് പറയട്ടെ പാൻക്രിയാസിൽ ഉണ്ടായിരുന്ന വലിയ കല്ല് മൂത്ര സഞ്ചിയിലേക്ക് വീഴുകയും രണ്ടാഴ്ചക്കുള്ളിൽ മഞ്ഞപ്പിത്തം പൂർണ്ണമായി സുഖപ്പെടുകയും ചെയ്തു. യേശുവിന് കോടാനുകോടി നന്ദി.



മേരി, ഇരിട്ടി

വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചത് വഴി 11 മാസം പ്രായമുള്ള കുഞ്ഞിന്റെ മൂന്നുമാസത്തോളമായുള്ള മൂക്കൊലിപ്പ് സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

(ഭൂതോച്ചാടന വസ്തുക്കളുടെ പ്രാധാന്യം)

11 മാസം പ്രായമുള്ള എന്റെ കുഞ്ഞിനു വേണ്ടിയാണ് ഞാൻ സാക്ഷ്യപ്പെടുത്തുന്നത്. കുഞ്ഞ് ജനിച്ച് മൂന്നു മാസം കഴിഞ്ഞപ്പോൾ മുതൽ കുഞ്ഞിന് ശക്തമായ മൂക്കടപ്പ് വരികയും ശ്വാസ തടസ്സം ഉണ്ടാവുകയും ചെയ്തു. എല്ലാ ദിവസവും മൂക്ക് അടഞ്ഞിരിക്കുന്ന അവസ്ഥയായിരുന്നു. രാത്രിയിൽ കിടക്കുമ്പോൾ ശ്വാസം കിട്ടാതെ ഞെട്ടി എഴുന്നേൽക്കുമായിരുന്നു. എല്ലാ ദിവസവും നേസൽ സ്പ്രേ ഉപയോഗിക്കുമായിരുന്നു. കൂടാതെ ആവി പിടിക്കുകയും പല നാടൻ മരുന്നുകൾ ഉപയോഗിക്കുകയും ചെയ്തു. എന്തൊക്കെ ചെയ്തിട്ടും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. പെട്ടെന്ന് ഒരു ദിവസം ശക്തമായ പനിയും ജലദോഷവും വന്നതിനെ തുടർന്ന് കുഞ്ഞിനെ ആംബുലൻസിൽ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. തുടർന്ന് ടെസ്റ്റ് ചെയ്തപ്പോൾ ചെസ്റ്റിൽ ഇൻഫെക്ഷൻ ഉണ്ടെന്നു കണ്ടെത്തി. ചികിത്സയ്ക്കുശേഷം പനി മാറിയപ്പോൾ ശക്തമായ ജലദോഷം കുഞ്ഞിന് വന്നു. മൂക്കിൽ നിന്നും തുടർച്ചയായി വെള്ളം പോലെ വരുന്ന അവസ്ഥയായിരുന്നു. പല കളറിലും പല ടെക്സ്ച്ചറിലും പഴുപ്പ് പോലെ ദ്രാവകം വന്നുക്കൊണ്ടിരുന്നു. ഇത്ര ചെറിയ കുഞ്ഞിന്റെ മൂക്കിൽ നിന്ന് എങ്ങനെയാണ് ഇത്രത്തോളം വെള്ളം വരുന്നത് എന്ന് കണ്ടു ഞങ്ങൾ അത്ഭുതപ്പെട്ടിരുന്നു. കുറെ തുണി ഉപയോഗിച്ച് കുഞ്ഞിന്റെ മൂക്ക് തുടയ്ക്കുന്ന അവസ്ഥയായിരുന്നു. മൂന്നുമാസത്തോളമായി എല്ലാ ദിവസവും മൂക്കിൽ നിന്ന് വെള്ളം പോലെ വരുന്ന അവസ്ഥയായിരുന്നു. ഞങ്ങളുടെ അമ്മയും അനിയത്തിയും രണ്ടുമാസം മുമ്പ് കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് അഞ്ചു ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തപ്പോൾ ഏൽ റൂഹ സ്റ്റാളിൽ നിന്നും വെഞ്ചിരിച്ച കല്ലുപ്പും, വെഞ്ചിരിച്ച ഒലിവ് ഓയിലും, വെഞ്ചിരിച്ച തേനും, ഹന്നാൻ വെള്ളവും വാങ്ങി ഞങ്ങൾക്ക് കൊണ്ടുവന്ന് തന്നിരുന്നു. എല്ലാ ദിവസവും രാവിലെയും വൈകിട്ടും കുഞ്ഞിന് വെഞ്ചിരിച്ച തേനും, വെഞ്ചിരിച്ച ഒലിവ് ഓയിലും നൽകി പ്രാർത്ഥിക്കാൻ അമ്മ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് എല്ലാ ദിവസവും രാവിലെയും വൈകിട്ടും അല്പം വെഞ്ചിരിച്ച തേനും, വെഞ്ചിരിച്ച ഒലിവ് ഓയിലും കൊടുത്ത് വിശ്വാസപ്രമാണം ചൊല്ലി ഞങ്ങൾ പ്രാർത്ഥിച്ചു. വെഞ്ചിരിച്ച ഒലിവ് ഓയിൽ കുഞ്ഞിന്റെ മൂക്കിൽ പുരട്ടിയും ഞങ്ങൾ പ്രാർത്ഥിച്ചിരുന്നു. കൂടാതെ വെഞ്ചിരിച്ച കല്ലുപ്പ് വിശ്വാസപ്രമാണം ചൊല്ലി വീടിനു ചുറ്റിലും ഇട്ട് ഞങ്ങൾ പ്രാർത്ഥിച്ചിരുന്നു. അത്ഭുതമെന്നു പറയട്ടെ രണ്ടുദിവസം കഴിഞ്ഞപ്പോൾ കുഞ്ഞിന്റെ ജലദോഷം പൂർണമായും മാറുകയും മൂക്ക് ഡ്രൈ ആവുകയും ചെയ്തു. അത്ഭുത രോഗശാന്തിയാണ് ഭൂതോച്ചാടന വസ്തുക്കൾ ഉപയോഗിച്ചപ്പോൾ ഞങ്ങളുടെ കുഞ്ഞിന് സംഭവിച്ചത്. ഇത്രയും വലിയ അനുഗ്രഹം തന്നെ യേശുവിന് ഒരായിരം നന്ദി.



ജോസ് ആന്റണി
UK

ഒരു വർഷമായുള്ള കോൺസ്റ്റിപ്പേഷൻ സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

(ഭൂതോച്ചാടന വസ്തുക്കളുടെ പ്രാധാന്യം)

എനിക്ക് ഒരു വർഷമായിട്ട് കോൺസ്റ്റിപ്പേഷൻ ഉണ്ടായിരുന്നു. ജനുവരി മാസത്തിൽ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ ഞാൻ പങ്കെടുത്തിരുന്നു. കൗൺസിലിംഗിനിടയിൽ എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ട് ഉണ്ടോയെന്ന് ബ്രദർ എന്നോട് ചോദിച്ചു. അപ്പോൾ കോൺസ്റ്റിപ്പേഷന്റെ കാര്യം ഞാൻ പറഞ്ഞു. ഒരു ഗ്ലാസ് വെള്ളത്തിൽ അൽപം ഹന്നാൻ വെള്ളമൊഴിച്ച് രണ്ടാഴ്ച എന്നോട് കുടിക്കാൻ പറഞ്ഞു. തുടർന്ന് എല്ലാ ദിവസവും ബ്രദർ പറഞ്ഞതുപോലെ ഒരു ഗ്ലാസ്വെള്ളത്തിൽ അൽപം ഹന്നാൻ വെള്ളമൊഴിച്ച് ഞാൻ കുടിക്കാൻ തുടങ്ങി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ എന്റെ കോൺസ്റ്റിപ്പേഷൻ പൂർണ്ണമായി മാറി. ഇപ്പോൾ ആറുമാസമായിട്ടും എനിക്ക് ഒരു പ്രശ്നവുമുണ്ടായിട്ടില്ല. രണ്ടാമതായി വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചതു വഴി കൈയ്യിൽ തൊലി പോകുന്ന അവസ്ഥ സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. ശക്തമായ പല്ലുവേദന വന്നതിനെ തുടർന്ന് പല്ലിൽ അല്പം വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചത് വഴി പല്ലുവേദനയും സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

ആഗി, പുല്ലുരാംപാറ

പിത്തസഞ്ചിയിൽ കല്ലുള്ള ഒരാളെ കർത്താവ് സുഖപ്പെടുത്തുന്നു

(അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും)

2025 മെയ് മാസം എനിക്ക് കടുത്ത പനിയും ഛർദിയും വയറു വേദനയും വന്നതിനെ തുടർന്ന് ഡോക്ടറെ കാണിച്ചപ്പോൾ സ്കാൻ ചെയ്യണമെന്നു പറഞ്ഞു. സ്കാൻ ചെയ്തപ്പോൾ എന്റെ പിത്തസഞ്ചിയിൽ കല്ലുകളുണ്ടെന്ന് കണ്ടെത്തി. ഇൻഫെക്ഷൻ മാറിയാൽ ഉടനെ ഒരു മാസത്തിനുള്ളിൽ സർജറി ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. ആ സമയത്ത് ഞാൻ അത്ഭുതങ്ങളുടെ ജപമാല കണ്ടു പ്രാർത്ഥിക്കാൻ തുടങ്ങി. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ടു കൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: ''നേഹയെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. വീണ്ടും അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: ''പിത്തസഞ്ചിയിൽ കല്ലുള്ള ഒരാളെ കർത്താവ് സുഖപ്പെടുത്തുന്നു'' എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. പിന്നീട് സ്കാൻ ചെയ്തപ്പോൾ എന്റെ പിത്ത സഞ്ചിയിൽ കല്ലുകൾ ഉണ്ടായിരുന്നില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. യേശുവിന് ഒരായിരം നന്ദി.

നേഹ
കരുവഞ്ചാൽ

ഏൽ റൂഹ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ

◆ ഏകദിന കൺവെൻഷൻ ◆ എല്ലാ മാസവും താമസിച്ചുള്ള ധ്യാനങ്ങൾ ◆ അത്ഭുതങ്ങളുടെ ജപമാലയും വി. അന്തോണീസിനോടുള്ള നൊവേനയും

എല്ലാ ശനിയാഴ്ചകളിലും രാവിലെ 8.45 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ഏകദിന കൺവെൻഷൻ ഉണ്ടായിരിക്കും

◆ വചനപ്രഘോഷണം ◆ കൗൺസിലിംങ് ◆ കുമ്പസാരം ◆ വി. കുർബ്ബാന
◆ രോഗശാന്തി ശുശ്രൂഷ ◆ വാഹന വെഞ്ചിരിപ്പ്
◆ മൊബൈൽ ഫോൺ വെഞ്ചിരിപ്പ് ◆ പാസ്പോർട്ട് വെഞ്ചിരിപ്പ്

നയിക്കുന്നത്
ഫാ. റാഫേൽ കോക്കാടൻ CMI

ശനിയാഴ്ചകളിൽ കടലുണ്ടി ധ്യാനകേന്ദ്രത്തിലേക്ക് വാഹന സൗകര്യം ഉണ്ടായിരിക്കും.

1 ജെസ്സി ഡേവിസ് – അരിമ്പൂർ 9847610026
2 ജോയ് – പഴുവിൽ 9400448390
3 ബേബി ദൈവശഭ്ദം – തൃശൂർ ശക്തൻ സ്റ്റാൻഡ് 9846848822
4 പോളി – കുരിയച്ചിറ 9847056535
5 ജാക്സൺ – അരണാട്ടുകര 8157840857
6 സജി – മണ്ണുത്തി, തിരൂർ 9446800024
7 മേബിൾ മത്തായി – പറപ്പൂർ, അമല 9961490441, 9061231815
8 ആന്റോ – ളെരി 9946356552
9 നിസ, സീന, ലിജോ – പോട്ട, ചാലക്കുടി 9061146260, 9048107272, 9846454299
10 ബെസ്സിൻ – ചാലക്കുടി 8943811335
11 ഷീന – അമല 9496168681
12 റിബി – പുതുക്കാട്, കൊരട്ടി 9567922309
13 ചാക്കോ – ചിറ്റിശ്ശേരി (തൃശൂർ) 9895808567
14 റീന – ഒല്ലൂർ, മരത്താക്കര 9288407160
15 മോളി – തൃക്കൂർ, പൊന്നൂക്കര 8547010726
16 ടീന – ഇരിങ്ങാലക്കുട, കാട്ടൂർ 9846750306
17 സിസിലി – ഇരിങ്ങാലക്കുട, മാപ്രാണം 8589029467
18 ലിജി – ഇരിങ്ങാലക്കുട, താഴേക്കാട് 9846258585
19 ബിജു – ചെട്ടിക്കാട് 9961718020
20 ജെയിംസ് & ജോസഫ് – കുറ്റിക്കാട്, മാരാംകോട്, തുമ്പാക്കോട് 9061060075, 9656166535
21 ആന്റു – കല്ലൂർ, മരത്താക്കര 9544840910
22 ഷീബ തോമസ് – മാള 8078086165
23 ജെയ്നി – പാവറട്ടി 9961052743
24 സിനീഷ് – വരന്തരപ്പിള്ളി, പള്ളിക്കുന്ന് 9447677606
25 ലെനിൻ – നടത്തറ, തൃശൂർ 9961524912
26 ഫ്ളോറി ജോസ് – മച്ചാട് 9048171065
27 ബിജു – മരുതോങ്കര 9497501225
28 സന്തോഷ് – ചെമ്പനോട, കൂരാച്ചുണ്ട് 9778405645, 9495083802
29 ജിജോ – മുതുകാട്, പെരുവണ്ണാമൂഴി 9495643488
30 അനീഷ് – വയനാട് 8590012465, 9447341265
31 ജെറിൻ – കോഴിക്കോട് കോടഞ്ചേരി 8281408837
32 അസ്സി ജോസ് – തോട്ടുമുക്കം 9495959211
33 ജോൺസി – വെറ്റിലപ്പാറ 9946817528
34 ജോസഫ് – പെരിന്തൽമണ്ണ, (മലപ്പുറം) 9744270532
35 സാബു – നിലമ്പൂർ 9495153615, 8301895725
36 ലിജി – കാടുകുറ്റി, ചാലക്കുടി 8943278758
37 വിനീഷ് – പ്രാർത്ഥന ട്രാവൽസ് ചെറുപുഴ, ചെമ്പേരി, ഇരിട്ടി 9388004601, 7558004601
38 ലാലി – വൈപ്പിൻ (എറണാകുളം) 8921291044
39 രാജു – കൂനമ്മാവ് (എറണാകുളം) 9747474142
40 സാബു – പറവൂർ, കൂനമ്മാവ് 9846994013
41 റോയ് – തൊടുപുഴ (ഇടുക്കി) 9847233444
42 ജോൺസൺ – കൊടുങ്ങല്ലൂർ, ഗോതുരുത്ത് 9744907333
43 റീന സ്റ്റീഫൻ – എറണാകുളം, വൈപ്പിൻ, വല്ലാർപ്പാടം 8281146188
44 സെബി – മറ്റം 9846770650
45 ഷീല – പെരിഞ്ചേരി 98959 25355
46 ഷീന – മാള, സ്നേഹഗിരി 97444 13783

ഏൽ റൂഹ ധ്യാനകേന്ദ്രത്തിലേക്ക് വരുന്ന വഴി

തൃശൂരിൽ നിന്നും കോഴിക്കോട് ബസ് കയറുക എന്നിട്ട് യൂണിവേഴ് സിറ്റിയിൽ ഇറങ്ങുക. അവിടെ നിന്ന് (അത്താണി, കോട്ടക്കടവ്) എന്നി പേരുള്ള ബസിൽ കയറി കോട്ടക്കടവ് ഇറങ്ങുക. എന്നിട്ട് ഓട്ടോയ്ക്കോ, നടന്നോ കാൽവരി ഹിൽസ് പള്ളിയിൽ എത്താം.

കോഴിക്കോട് ഭാഗത്ത് നിന്നും വരുമ്പോൾ ഫറോക്ക് ബസ്സ് കയറുക. എന്നിട്ട് ഫറോക്ക് ബസ്റ്റാന്റിൽ ഇറങ്ങുക. അവിടെ നിന്ന് കടലുണ്ടി, കോട്ടക്കടവ് എന്നീ പേരുള്ള ബസ്സിൽ കയറി കോട്ടക്കടവ് ഇറങ്ങുക. എന്നിട്ട് ഓട്ടോയ്ക്കോ നടന്നോ കാൽവരി ഹിൽസ് പള്ളിയിൽ എത്താം.

ട്രെയിനു വരുമ്പോൾ പാസഞ്ചർ ട്രെയിൻ ആണെങ്കിൽ കടലുണ്ടിയിൽ ഇറങ്ങാം. അവിടെ നിന്ന് ബസ് സ്റ്റോപ്പിലേക്ക് നടക്കുക. എന്നിട്ട് അവിടെ നിന്നും വരുന്ന ഏതുബസ്സിൽ കയറിയാലും കോട്ടക്കടവ് ഇറങ്ങാം. പിന്നെ കാൽവരി ഹിൽസ് പള്ളിയിലേക്ക് ഓട്ടോയ്ക്കോ, നടന്നോ വരാം.

ഫറോക്ക് നിർത്തുന്ന ട്രെയിൻ ആണെങ്കിൽ ഫറോക്ക് ഇറങ്ങി ബസ് സ്റ്റാന്റിലേക്ക് വരിക. അവിടെനിന്ന് (പരപ്പനങ്ങാടി, കടലുണ്ടി, ചാലിയം, തിരൂർ) ഈ ബസ്സുകളിൽ ഏതിൽ കയറിയാലും കോട്ടക്കടവ് ഇറങ്ങാം. അവിടെ നിന്ന് കാൽവരി ഹിൽസ് പള്ളിയിലേക്ക് ഓട്ടോയ്ക്കോ നടന്നോ വരാം.

പരപ്പനങ്ങാടി നിർത്തുന്ന ട്രെയിൻ ആണെങ്കിൽ പരപ്പനങ്ങാടി ഇറങ്ങി ബസ്സ് സ്റ്റാന്റിലേക്ക് വരിക. എന്നിട്ട് (കോഴിക്കോട്, കടലുണ്ടി, ചാലിയം) ഈ പേരുള്ള ബസ്സിൽ കയറി കോട്ടക്കടവ് ഇറങ്ങുക. അവിടെ നിന്ന് കാൽവരി ഹിൽസ് പള്ളിയിലേക്ക് വരിക.

Google Maps

എല്ലാ ആഴ്ചയും ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ കൗൺസിലിംഗിന് സൗകര്യം ഉണ്ടായിരിക്കും. ഒരു ദിവസം 20 പേർക്ക് ആയിരിക്കും അവസരം. BOOK ചെയ്യാൻ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.
79 94 80 97 75, 73 56 73 97 13

എല്ലാ ആഴ്ചയിലും വ്യാഴം, വെള്ളി ദിവസങ്ങളിൽ ഫോണിലൂടെ കൗൺസിലിംഗ് ഉണ്ടായിരിക്കും. വ്യാഴാഴ്ച ഇന്ത്യയ്ക്ക് ഉള്ളിലുള്ള മലയാളികൾക്കും വെള്ളിയാഴ്ച വിദേശത്തുള്ള മലയാളികൾക്കും ആയിരിക്കും.
വ്യാഴാഴ്ച വിളിക്കേണ്ട നമ്പർ 70 12 29 79 27
വെള്ളിയാഴ്ച വിളിക്കേണ്ട നമ്പർ 73 06 31 87 94, 73 06 32 54 93, 70 12 29 79 27

എല്ലാ മാസവും താമസിച്ചുള്ള രണ്ട് ധ്യാനങ്ങൾ
ഞായറാഴ്ച വൈകിട്ട് 5.30ന് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 7.30 മണിക്ക് അവസാനിക്കുന്നു.
മുൻകൂട്ടി ബുക്ക് ചെയ്യുക. ഫോൺ നമ്പർ 7994809775, 7356739713

കടലുണ്ടി ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ
മാർച്ച് 1–6 വരെ
വൈദികർക്കുള്ള ഏൽ റൂഹ ധ്യാനം
ഞായറാഴ്ച വൈകിട്ട് 5:30 ന് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 7:30 ന് അവസാനിക്കും.

ധ്യാന ബുക്കിംങ്ങിനും അന്വേഷണങ്ങൾക്കും
EL - RUHA RETREAT CENTRE
St. Pauls House, Calvary Hills,
Kadalundi P.O. Kozhikode 673 302
Ph: 7994809775, 7356739713

ഈ ദൈവഭവനത്തെ സാമ്പത്തികമായി സഹായിക്കുവാനായി താഴെ കാണുന്ന Bank Account Number പ്രയോജനപ്പെടുത്തുക
EL RUHA RETREAT CENTRE
A/C NO. 120025852125
CANARA BANK, KADALUNDI
IFSC: CNRB0000732

Office Time 9.00 am to 5.00 pm
പതിനായിരങ്ങളിലേക്ക് ദൈവാനുഗ്രഹങ്ങൾ വർഷിക്കുന്ന "അത്ഭുതങ്ങളുടെ ജപമാലയും വി. അന്തോണീസിനോടുള്ള നൊവേനയും" എല്ലാ ചൊവ്വാഴ്ചയും വൈകീട്ട് 7.30ന് യൂട്യൂബ് ചാനലിൽ "EL-RUHA RETREAT -YOUTUBE" ചാനൽ Subscribe ചെയ്യുക

മറ്റ് വിവരങ്ങൾ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.
Web: www.elruharetreatcentre.com
Email: elruharetreat@gmail.com

Published by Fr. Raphael Kokkadan CMI (Director El-Ruha Retreat Centre) Kadalundi Ph: 7994809775 Private Circulation Only. Printed at Santhibhavan Offset Press, Kannamkulangara, Thrissur Ph: 93490 18918



ഏൽ റൂഹ ധ്യാനകേന്ദ്രം
സാക്ഷ്യത്തിന്റെ സുവിശേഷം

"ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ, അവനിൽ നിന്നു ശക്തി പുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരുന്നു." (ലൂക്കാ 6 :19)

Jesus Our Savior

എപ്പോഴും വെന്തിങ്ങ ധരിക്കൂ. നല്ല മരണം നേടൂ. ദുർമരണം ഒഴിവാക്കൂ

യേശുക്രിസ്തു ഇന്നും ജീവിക്കുന്നു

December 2025

മരിച്ചവരുടെ വസ്തുക്കൾ ഉപയോഗിക്കാമോ? കത്തോലിക്കാ സഭയുടെ പഠനം

ഒരാൾ മരിച്ചു കഴിയുമ്പോൾ അയാൾ നിത്യവും ഉപയോഗിച്ചിരുന്ന കുറേ വസ്തുക്കൾ (നിത്യോപയോഗ വസ്തുക്കൾ) ഈ ഭൂമിയിൽ ഉപേക്ഷിക്കപ്പെടുന്നു (അനാഥമാകുന്നു). ഉദാ: വസ്ത്രങ്ങൾ, വാച്ച്, കണ്ണട, ചെരുപ്പ്, ചീപ്പ്, ഷേവിങ്ങ് സെറ്റ്, ബ്രഷ് etc... ഇത്തരം വസ്തുക്കൾ സൂക്ഷിക്കണമോ വേണ്ടയോ എന്ന് എങ്ങനെ അറിയാം? മരിച്ചവരുടെ ഇത്തരം വസ്തുക്കൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നീ ചോദ്യങ്ങൾക്കുള്ള കത്തോലിക്കാ സഭയുടെ പഠനം അനുസരിച്ചുള്ള മറുപടിയാണ് ഈ ലേഖനം.

കത്തോലിക്കാ സഭ എന്ത് പഠിപ്പിക്കുന്നു?

കത്തോലിക്കാസഭയുടെയും കത്തോലിക്ക ഭൂതോച്ചാടകരുടെയും പഠിപ്പിക്കൽ അനുസരിച്ച് മരിച്ച വ്യക്തിയുടെ വസ്തുക്കൾ ഉപയോഗിക്കുന്നത് പൊതുവേ ഒരു പ്രശ്നം അല്ല. എന്നിരുന്നാലും, ഒന്നാം പ്രമാണത്തിന്റെ ലംഘനമായി കരുതപ്പെടുന്നതിനാൽ, മരിച്ചവരെ ബന്ധപ്പെടാൻ ശ്രമിക്കുന്ന തരത്തിലുള്ള എല്ലാത്തരം പ്രവർത്തികളെയും സഭ ശക്തമായി വിലക്കുന്നു. ഇക്കാര്യത്തിൽ തിരുസഭ നൽകുന്ന മുന്നറിയിപ്പുകൾ (നിർദേശങ്ങൾ) താഴെ കൊടുക്കുന്നു.

1. മരിച്ചവരുമായി ബന്ധപ്പെടാനുള്ള എല്ലാ ശ്രമങ്ങളെയും സഭ വിലക്കുന്നു. അത് അപകടകരവുമാണ്.

2. മരിച്ചവരുമായി ആശയവിനിമയം നടത്തുന്നതിനുള്ള മാർഗമായി ഓജോ ബോർഡുകൾ പോലുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു.

3. ഒരു വ്യക്തി ഒരിക്കലും മരിച്ചയാളുടെ ചാരമോ അസ്ഥികളോ, ശരീരഭാഗങ്ങളോ ഓർമ്മക്കായി കൊണ്ടുപോകാൻ അല്ലെങ്കിൽ എടുത്ത് സൂക്ഷിക്കാൻ പാടില്ല. ചിലർ ചെറിയ അസ്ഥികൾ പല്ലുകൾ എന്നിവ ഓർമ്മക്കായി സൂക്ഷിക്കുന്നു. അവയ്ക്ക് സംരക്ഷണ ശക്തിയോ ആത്മീയ ശക്തിയോ ഉണ്ടെന്നു പോലും വിശ്വസിക്കുന്നു. ഈ പ്രവർത്തികൾ സ്നേഹപരമോ വൈകാരികമോ ആയി തോന്നിയേക്കാം. പക്ഷേ, കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ അവ വളരെ പ്രശ്നകരമാണ്. മാത്രമല്ല അത് പൈശാചിക സ്വാധീനത്തിന് വാതിൽ തുറക്കുകയും ചെയ്യും.

4. സഭയുടെ അംഗീകാരത്തിന് പുറത്ത് വീട്ടിൽ സൂക്ഷിക്കുന്ന ചാരം, അസ്ഥികൾ അല്ലെങ്കിൽ ശരീരഭാഗങ്ങൾ എന്നിവ പിശാചിന് പ്രവേശിക്കാനുള്ള ഒരു വാതിലായി പ്രവർത്തിക്കും. ശരീരഭാഗങ്ങൾ, പല്ലുകൾ, മുടി, ചാരം, മണ്ണ് എന്നിവ സൂക്ഷിക്കുന്നത് പലവിധ ബന്ധനങ്ങൾ കടന്നു വരാനും മരിച്ചയാളെ ദൈവത്തിന് സമർപ്പിക്കുന്നതിൽ നിന്ന് തടയാനും കാരണമായിതീരും. അതിനാൽ അനാരോഗ്യകരമായ പറ്റിപ്പിടിക്കൽ (Attachment) ഒഴിവാക്കുക. പറ്റിപിടിക്കൽ (Attachment) ആത്മീയ വളർച്ചയെ തടസപ്പെടുത്തുന്നു. ഏതെങ്കിലും വ്യക്തികളോടോ ഭൗതീക വസ്തുക്കുക്കളോടോ (മരിച്ചവരുടെ വസ്തുക്കളാകാം മറ്റു വസ്തുക്കളാകാം) ഉള്ള അനാരോഗ്യകരമായ അള്ളിപ്പിടുത്തം (Attachment) ഭൂമിയിലോ ശുദ്ധീകരണ സ്ഥലത്തോ വെച്ച് ശുദ്ധീകരിക്കണമെന്ന് കത്തോലിക്കാ സഭയുടെ പഠിപ്പിക്കൽ ഊന്നി പറയുന്നു. വി. കുരിശിന്റെ യോഹന്നാൻ പറയുന്നു: ''ദൈവത്തിനുവേണ്ടി മാത്രമുള്ളതല്ലാത്ത ഏതൊരു ബന്ധവും ഒരു ചങ്ങലയാണ്. അത് സ്വർണ്ണം കൊണ്ടാണെങ്കിൽ പോലും''. അതായത് നമ്മുടെ ആത്മീയ ഭൗതിക ജീവിതത്തെ തടസ്സപ്പെടുത്തുന്ന വിധത്തിൽ മരിച്ചവരോട് പറ്റിപിടിക്കരുത് (cliging). ''അവൻ വേറൊരുവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക. അവൻ പറഞ്ഞു: കർത്താവേ, ഞാൻ ആദ്യം പോയി എന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിച്ചാലും. അവൻ പറഞ്ഞു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ. നീ പോയി ദൈവരാജ്യം പ്രസംഗിക്കുക'' (ലൂക്കാ 9:59–60). അതിനാൽ സഭയുടെ അംഗീകാരമില്ലാതെ മനുഷ്യാവശിഷ്ടങ്ങൾ വ്യക്തിപരമായ വസ്തുക്കളായി കൊണ്ടുപോവുകയോ പ്രദർശിപ്പിക്കുകയോ ചെയ്യരുത്. മനുഷ്യാവശിഷ്ടങ്ങൾ അനുചിതമായി കൈകാര്യം ചെയ്യുന്നത് പൈശാചിക പീഡനത്തിന് കാരണമാകുമെന്ന് കത്തോലിക്കാ ഭൂതോച്ചാടകർ മുന്നറിയിപ്പ് നൽകുന്നു.

മരിച്ചുപോയ അമ്മയുടെ ഓർമ്മയ്ക്കായി സൂക്ഷിച്ചുവെച്ച പല്ല് എടുത്തു കളഞ്ഞപ്പോൾ കുടുംബസമാധാനം നൽകി കർത്താവ് അനുഗ്രഹിച്ചു

2000-ൽ എന്റെ അമ്മച്ചി മരിച്ചുപോയിരുന്നു. അമ്മച്ചിയുടെ ഓർമ്മയ്ക്കായി അമ്മച്ചി ഉപയോഗിച്ചിരുന്ന കണ്ണാടി, കൊന്ത, വെന്തിങ്ങ ചില വസ്ത്രങ്ങൾ എന്നിവ ഞാൻ സൂക്ഷിച്ച് വെച്ചിരുന്നു. കൂടാതെ അമ്മച്ചിയുടെ ഒരു പല്ല് സോപ്പിന്റെ ഡിഷ് ബോക്സിലാക്കി സൂക്ഷിച്ചിരുന്നു. അമ്മച്ചിയുടെ ചിരി ഓർമ്മ വരുന്നതിനുവേണ്ടിയിട്ടാണ് ഞാൻ ഇങ്ങനെ ചെയ്തിരുന്നത്. നാലുമാസത്തോളമായി ഞാൻ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന വ്യക്തിയാണ്. 25 വർഷത്തോളമായി ഞാനും എന്റെ ഭർത്താവും തമ്മിൽ സ്വരചേർച്ച ഉണ്ടായിരുന്നില്ല. ഞങ്ങൾ തമ്മിൽ എപ്പോഴും പരസ്പരം പ്രശ്നങ്ങളായിരുന്നു. കുടുംബ സമാധാനം നഷ്ടപ്പെട്ടിരുന്നു. വർഷങ്ങളായിട്ട് വലിയ വിഷമത്തിലൂടെയായിരുന്നു ഞാൻ കടന്നു പോയിക്കൊണ്ടിരുന്നത്.ഏൽ റൂഹ ധ്യാനകേന്ദ്രത്തിലെ ചില സാക്ഷ്യങ്ങൾ കേട്ടത് വഴിയാണ് മരിച്ചുപോയവരുടെ ചില വസ്തുക്കൾ സൂക്ഷിച്ചു വെക്കരുത് എന്ന ബോധ്യം എനിക്ക് കിട്ടിയത്. അമ്മച്ചിയുടെ ഓർമ്മയ്ക്കായിട്ട് ഞാൻ സൂക്ഷിച്ചു വെച്ച എല്ലാ വസ്തുക്കളും നശിപ്പിക്കുകയും കൂടാതെ അമ്മച്ചിയുടെ പല്ല് വീട്ടിൽനിന്ന് എടുത്തു കളയുകയും ചെയ്തു. അത്ഭുതം എന്ന് പറയട്ടെ അതിനുശേഷം വലിയ മാറ്റമാണ് എന്റെ ജീവിതത്തിൽ സംഭവിച്ചത്. ഇപ്പോൾ ഞാനും ഭർത്താവും തമ്മിൽ യാതൊരു പ്രശ്നങ്ങളും ഇല്ല. പരസ്പര സ്നേഹത്തിലും ഐക്യത്തിലും മുന്നോട്ടു പോകുവാൻ ഞങ്ങൾക്ക് സാധിക്കുന്നുണ്ട്. കുടുംബ സമാധാനം തിരിച്ചു നൽകി കർത്താവ് അനുഗ്രഹിച്ചു. യേശുവിന് ഒരായിരം നന്ദി.



ഗ്രേസി, ബാംഗ്ലൂർ

5. മരിച്ചവരുടെ വസ്തുക്കൾ ഏതെങ്കിലും പാപവുമായോ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന വസ്തുക്കൾ ആണെങ്കിൽ അപകടകരമാണ്. റോമിലെ മുൻ മുഖ്യ ഭൂതോച്ചാടകനായ ഫാ. ഗബ്രിയേൽ അമോർത്ത് ഇത്തരം ശപിക്കപ്പെട്ട വസ്തുക്കൾ (മന്ത്രവാദവുമായി ബന്ധപ്പെട്ട വസ്തുക്കൾ, വ്യഭിചാരവുമായി ബന്ധപ്പെട്ട വസ്തുക്കൾ, ലഹരികളുമായി ബന്ധപ്പെട്ട വസ്തുക്കൾ etc.) പൈശാചിക പ്രവർത്തനത്തിനുള്ള 'വാതിലുകളായി' പ്രവർത്തിക്കും എന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഒരു വസ്തു ഒരു വലിയ പാപം ചെയ്യാനായിട്ട് ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നുവെങ്കിൽ അല്ലെങ്കിൽ ദുഷ്ട ഉദ്ദേശങ്ങൾക്കായി ഉപയോഗിക്കുന്നുവെങ്കിൽ, അത് ജാഗ്രതയോടെ കൈകാര്യം ചെയ്യണം (സാധ്യമെങ്കിൽ കത്തിച്ചു കളയുക.)

15 വർഷമായുള്ള ദുഃസ്വപ്നം കാണുന്ന അവസ്ഥ സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

2021-ൽ കടലുണ്ടി ധ്യാനകേന്ദ്രത്തിൽ ഒരു കൗൺസിലിംഗിന് ചെന്നപ്പോൾ പ്രാർത്ഥിച്ചിട്ട് ബ്രദർ എന്നോട് ചോദിച്ചു: ''രാത്രിയിൽ ദുഃസ്വപ്നം കണ്ടു ഞെട്ടി എഴുന്നേൽക്കാറുണ്ടോ'' എന്ന്. ഈ സന്ദേശം കേട്ടപ്പോൾ എനിക്ക് വലിയ അത്ഭുതമായി. ഏകദേശം 15 വർഷത്തോളമായി, ഞാൻ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന സമയം മുതൽ തന്നെ രാത്രിയിൽ ദുഃസ്വപ്നം കണ്ട് ഞെട്ടി എഴുന്നേൽക്കുന്ന അവസ്ഥ എനിക്ക് ഉണ്ടായിരുന്നു. ഏറ്റവും കൂടുതൽ പാമ്പിനെയാണ് സ്വപ്നത്തിൽ കാണാറുള്ളത്. ആയിരകണക്കിനല്ല പതിനായിരകണക്കിന് പാമ്പിനെ ഒറ്റനോട്ടത്തിൽ കാണുമായിരുന്നു. പാമ്പുകൾക്കിടയിൽ കിടന്നുറങ്ങുന്നതു പോലുള്ള അവസ്ഥയായിരുന്നു എന്റേത്. കൂടാതെ, അപ്പച്ചൻ, അമ്മച്ചി, അനിയൻ മരിക്കുന്നതായി എപ്പോഴും സ്വപ്നത്തിൽ കാണുമായിരുന്നു. പല രാത്രികളിലും കസേരയിൽ ഇരുന്നു ഉറങ്ങിയിട്ടുണ്ട്. എന്ത്കൊണ്ട് ഈ അവസ്ഥ വരുന്നു എന്ന് ചിന്തിച്ച്, ഞാൻ കിടന്നിരുന്ന കട്ടിൽ പല വശത്തേയ്ക്കും തിരിച്ചിട്ടിട്ടുണ്ട്, പലപ്പോഴും കട്ടിലിൽ ഹന്നാൻ വെള്ളം തളിച്ചിട്ടുണ്ട്, എപ്പോഴും കുരിശടയാളം വരച്ചിട്ടാണ് ഉറങ്ങാറുള്ളത്. പക്ഷെ ഒരു മാറ്റവും ഉണ്ടായിരുന്നില്ല. പല തീർത്ഥാടന കേന്ദ്രങ്ങളിൽ പോയി പല വൈദികരുടെ കൈവയ്പ്പ് വാങ്ങിയെങ്കിലും എന്റെ ഈ അവസ്ഥ മാറുന്നുണ്ടായിരുന്നില്ല. രാത്രിയിൽ ഒട്ടും ഉറങ്ങാൻ സാധിക്കാത്ത അവസ്ഥ വന്നപ്പോൾ ഞാൻ ഡോക്ടറെ കാണിച്ചു. ഡോക്ടറെ കാണിച്ചപ്പോൾ ഉറങ്ങാനുള്ള മരുന്നായിരുന്നു തന്നത്. ഉറക്കമരുന്ന് കഴിച്ചിട്ടും ഞാൻ ദുഃസ്വപ്നം കണ്ട് ഞെട്ടി എഴുന്നേൽക്കുമായിരുന്നു. കൂടാതെ വർഷങ്ങൾ ആയിട്ട് എനിക്ക് മരണഭയം ഉണ്ടായിരുന്നു. സന്ധ്യാ സമയം ആകുമ്പോൾ ഞാൻ എപ്പോഴും അമ്മയോട് പറയും: 'പേടിയാവുന്നു, പേടിയാവുന്നു' എന്ന്. മരണത്തെ കുറിച്ച് എപ്പോഴും ചിന്തിക്കുമായിരുന്നു. അപ്പച്ചൻ മരിക്കുന്നത് സ്വയം ചിന്തിച്ച് ഞാൻ കരയുമായിരുന്നു. വീട്ടിൽ കയറുമ്പോൾ മരണ വീട്ടിൽ കയറുന്നത് പോലെയായിരുന്നു എനിക്ക് തോന്നിയിരുന്നത്. മരണം വരെ എന്റെ അവസ്ഥ ഇങ്ങനെ ആയിരിക്കും എന്ന് ഞാൻ മനസ്സിൽ ഉറപ്പിച്ചിരുന്നു. വീണ്ടും ബ്രദർ എനിക്ക് വേണ്ടി പ്രാർത്ഥിച്ചിട്ട് എന്നോട് ചോദിച്ചു: ''മോള് കിടക്കുന്ന കട്ടിൽ ഏതാണ്'' എന്ന്. ഈ സന്ദേശം കേട്ടപ്പോൾ എനിക്ക് വലിയ അത്ഭുതമായി. എന്റെ അപ്പാപ്പൻ ഉപയോഗിച്ചിരുന്ന കട്ടിലിൽ ആയിരുന്നു ഞാൻ കിടന്നുറങ്ങിയിരുന്നത്. ഞാൻ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ ആണ് അപ്പാപ്പൻ മരിക്കുന്നത്. ഈ കട്ടിലിനോട് എനിക്ക് വലിയ ഇഷ്ടം ആയിരുന്നു. ഈ കട്ടിലിൽ മാത്രമെ ഞാൻ കിടക്കുമായിരുന്നുള്ളൂ. അപ്പച്ചനും അമ്മച്ചിയും എപ്പോഴും പറയാറുണ്ട്: ''അപ്പാപ്പന്റെ കട്ടിൽ ആണ്'' എന്ന്. ഞങ്ങളുടെ വീട്ടിൽ ഒരു വിശുദ്ധമായ വസ്തു പോലെയായിരുന്നു ഈ കട്ടിൽ. വീണ്ടും ബ്രദർ എന്നോട് ചോദിച്ചു: ''ഈ കട്ടിൽ ഉപയോഗിച്ചിരുന്ന അപ്പാപ്പൻ എങ്ങനെ ഉള്ള വ്യക്തി ആയിരുന്നു? അദ്ദേഹത്തിന്റെ വിശ്വാസ ജീവിതം എങ്ങനെ ഉള്ളതായിരുന്നു?'' എന്ന്. എന്റെ അപ്പാപ്പൻ പള്ളിയിൽ പോവില്ലായിരുന്നു. കുമ്പസാരമോ, കുർബാന സ്വീകരണമോ ഉണ്ടായിരുന്നില്ല. കൂടാതെ നന്നായി മദ്യം കഴിക്കുമായിരുന്നു. ഇത് കേട്ടപ്പോൾ ബ്രദർ എന്നോട് പറഞ്ഞു: ''ശരിയായ കൂദാശ ജീവിതം ഇല്ലാതിരുന്ന ഒരു വ്യക്തി ഉപയോഗിച്ച കട്ടിൽ ആയതുകൊണ്ട് തന്നെ ഇതിന് ഒരു നെഗറ്റീവ് എനർജി ഉണ്ട്, ആ കട്ടിൽ കളയുന്നതായിരിക്കും നല്ലത്, റാഫേൽ അച്ചനോട് ചോദിച്ചിട്ട് ചെയ്താൽ മതി'' എന്ന്. വീണ്ടും ബ്രദർ പ്രാർത്ഥിച്ചിട്ട് ചോദിച്ചു: ''മോള് കിടക്കുന്ന റൂമിൽ ഒരു വലിയ ഫ്രെയിം ചെയ്ത ഫോട്ടോ കാണിക്കുന്നുണ്ട്, അതു ആരാണ്'' എന്ന്. അത് എന്റെ അപ്പാപ്പന്റെ ഫോട്ടോ ആയിരുന്നു. ഞങ്ങളുടെ വീട്ടിലെ ഏറ്റവും വലിയ ഫ്രെയിം ചെയ്ത ഫോട്ടോ ആയിരുന്നു. കൂടാതെ ഈശോയുടെ ഫോട്ടോയെക്കാളും വലുതായിരുന്നു. ആ ഫോട്ടോ എടുത്തു മാറ്റുന്നതായിരിക്കും നല്ലത്, റാഫേൽ അച്ചനോട് ചോദിച്ചിട്ട് ചെയ്താൽ മതി എന്ന് ബ്രദർ എന്നോട് പറഞ്ഞു. കൗൺസിലിംഗ് കഴിഞ്ഞതിനു ശേഷം അച്ചനെ കണ്ടപ്പോൾ, എത്രയും വേഗം കട്ടിൽ മാറ്റാനും, അപ്പാപ്പന്റെ ഫോട്ടോ കളയണ്ട മറ്റൊരു റൂമിലേക്കു മാറ്റി വയ്ക്കാനും പകരം ഈശോയുടെ ഒരു ഫോട്ടോ ചുമരിൽ വയ്ക്കാനും അച്ചൻ പറഞ്ഞു. വീട്ടിൽ ചെന്ന ഉടനെ ഈ കാര്യങ്ങൾ അപ്പച്ചനോടും അമ്മച്ചിയോടും പറയുകയും അവരുടെ സമ്മതത്തോടെ ആ കട്ടിൽ വീട്ടിൽ നിന്നും മാറ്റുകയും പുതിയ കട്ടിൽ ഇടുകയും ചെയ്തു. അപ്പാപ്പന്റെ ഫോട്ടോ ഞങ്ങൾ മറ്റൊരു റൂമിലേക്കു മാറ്റി വച്ചു. അച്ചൻ പറഞ്ഞത് പോലെ ഈശോയുടെ ഒരു ഫോട്ടോ ചുമരിൽ വയ്ക്കുകയും ചെയ്തു. കൂടാതെ എന്റെ അമ്മ അപ്പാപ്പന്റെ ഓർമയ്ക്കായി ഒരു ഷർട്ട് സൂക്ഷിച്ചു വച്ചതും ഞങ്ങൾ കത്തിച്ചു കളഞ്ഞു. അത്ഭുതം എന്ന് പറയട്ടെ അന്ന് രാത്രി ഞാൻ സുഖമായി കിടന്നുറങ്ങി. ഇപ്പോൾ 4 വർഷം ആയിട്ട്, ഒരു തവണ പോലും പാമ്പിനെ ദുഃസ്വപ്നത്തിൽ കാണുകയോ ഉറക്കം ഞെട്ടി എഴുന്നേൽക്കുകയോ ചെയ്തിട്ടില്ല. രാത്രിയിൽ സുഖമായി കിടന്നുറങ്ങാൻ എനിക്ക് സാധിക്കുന്നുണ്ട്. കൂടാതെ വർഷങ്ങളായിട്ടുള്ള മരണഭയം പൂർണ്ണമായും വിട്ടുമാറി. വലിയ വിടുതൽ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. യേശുവിന് ഒരായിരം നന്ദി.

ജെസ്ലിൻ, കടലുണ്ടി

6. വിശുദ്ധ തിരുശേഷിപ്പുകളുടെ വണക്കം:- മരിച്ചുപോയ ഒരു വ്യക്തിയുടെ അവശിഷ്ടങ്ങളും വസ്തുക്കളും കൈവശം വയ്ക്കുന്നതിനേയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട വിശുദ്ധരുടെ തിരുശേഷിപ്പുകൾ ഭക്തിപൂർവ്വം സംരക്ഷിക്കപ്പെടുന്നതിനേയും സഭ വ്യക്തമായി വേർതിരിക്കുന്നു.

Fr. റാഫേൽ കോക്കാടൻ CMI

തിരുശേഷിപ്പുകൾ:- ഒരു വിശുദ്ധന്റെ ശരീരഭാഗങ്ങൾ അല്ലെങ്കിൽ അവർ ഉപയോഗിച്ച വസ്തുക്കൾ.

അശുദ്ധവസ്തുക്കൾ:- വിശുദ്ധരായി പ്രഖ്യാപിക്കപ്പെടാത്ത പ്രിയപ്പെട്ടവരുടെ വ്യക്തിപരമായ വസ്തുക്കൾക്ക് അതേ ആത്മീയ പ്രാധാന്യം ഉണ്ടായിരിക്കില്ല. അവയോടുള്ള അമിതമായ അടുപ്പം മരിച്ചുപോയ വ്യക്തിയുടെ ആത്മാവിന്റെ മോചനത്തിന് തടസ്സമാകുന്ന ഒരു പറ്റിപ്പിടുത്തമാണ്.

അതായത്, വിശുദ്ധർ ഉപയോഗിച്ച വസ്തുക്കൾ-തിരുശേഷിപ്പുകൾ. പാപവുമായി ബന്ധപ്പെട്ട വസ്തുക്കൾ-അശുദ്ധ വസ്തുക്കൾ. പ്രമുഖ ഭൂതോച്ചാടകനായ ഫാദർ ഗബ്രിയേൽ അമോർത്ത്, അശുദ്ധ വസ്തുക്കൾ നശിപ്പിക്കപ്പെടുന്നതുവരെ നിർഭാഗ്യവും രോഗവും കൊണ്ടുവന്ന നിരവധി കേസുകൾ വിവരിച്ചിട്ടുണ്ട്. മാന്ത്രികതയുമായോ പാപവുമായോ ബന്ധപ്പെട്ട ഏതെങ്കിലും വസ്തുക്കൾ നീക്കം ചെയ്യാനും നശിപ്പിക്കാനും (വെറുതെ മറയ്ക്കുകയോ നൽകുകയോ ചെയ്യരുത്.) അദ്ദേഹം ശക്തമായി ഉപദേശിച്ചു. സാധ്യമെങ്കിൽ അവ കത്തിച്ചുകളയാനും. ഫാദർ ജോസ് ആന്റോണിയോ എന്ന സ്പാനിഷ് ഭൂതോച്ചാടകൻ അസ്വസ്ഥത യുണ്ടാക്കുന്ന നെഗറ്റീവ് എനർജിയുള്ള (ദുഷ്ട സ്വാധീനം) വസ്തുക്കളെ തിരിച്ചറിഞ്ഞ് അവ നശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. അതിനാൽ പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, വസ്തുക്കളിൽ പറ്റിപ്പിടിക്കുന്നതിനു പകരം, മരിച്ചയാളുടെ ആത്മാവിന് സ്വർഗത്തിലേക്കുള്ള യാത്രയിൽ അവരെ സഹായിക്കാൻ പ്രാർത്ഥിക്കുന്നതിലായിരിക്കണം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

തിരുശേഷിപ്പുകളെ സഭ ഇത്രയധികം ബഹുമാനിക്കുന്നത് എന്തുകൊണ്ട്?

തിരുശേഷിപ്പുകളെ വണങ്ങുന്നത് വളരെ വൈകിയ ഒരു കണ്ടുപിടുത്തമല്ല. മറിച്ച് വി. ഗ്രന്ഥത്തിലും ക്രിസ്തീയ പാരമ്പര്യത്തിലും ഇതിനുള്ള തെളിവുകൾ കാണാവുന്നതാണ്. പഴയ നിയമത്തിൽ തന്നെ വിശുദ്ധരായ ആളുകളുമായി ബന്ധപ്പെട്ട വസ്തുക്കൾക്ക് പ്രത്യേക പ്രാധാന്യം ഉണ്ടെന്ന് നമുക്ക് സൂചനകൾ കാണാം. ''തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്'' (സങ്കീ. 116:15).

2 രാജ. 13:20–21-ൽ പ്രവാചകനായ എലീഷായുടെ അസ്ഥികൾ മരിച്ച ഒരാളെ ജീവിതത്തിലേക്ക് തിരികേ കൊണ്ടുവരുന്നു. ''എലീഷാ മരിച്ചു: അവർ അവനെ സംസ്കരിച്ചു. വസന്തകാലത്ത് മൊവാബ്യർ കൂട്ടമായി വന്നു ദേശം ആക്രമിച്ചു. ഒരുവനെ സംസ്കരിക്കാൻ കൊണ്ടുപോകുമ്പോൾ അക്രമി സംഘത്തെ കണ്ട് അവർ ജഡം എലീഷായുടെ കല്ലറയിലേക്ക് എറിഞ്ഞു. എലീഷായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഡം ജീവൻ പ്രാപിച്ച് എഴുന്നേറ്റു നിന്നു.'' ഈ സംഭവം ദൈവത്തിന്റെ ശക്തി തന്റെ ദാസന്മാരുമായി ബന്ധപ്പെട്ട ഭൗതിക വസ്തുക്കളിലൂടെ പ്രവർത്തിക്കുന്നതിനെ സൂചിപ്പിക്കുന്നു.

പുതിയ നിയമത്തിൽ യേശുവിന്റെ മേലങ്കി വിശ്വാസത്തോടെ തൊട്ടപ്പോൾ രക്തസ്രാവക്കാരി സ്ത്രീക്ക് സൗഖ്യം കിട്ടുന്നു. ''പന്ത്രണ്ടു വർഷമായി രക്തസ്രാവം നിമിത്തം കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീ പിന്നിലൂടെ വന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു. അവന്റെ വസ്ത്രത്തിൽ ഒന്ന് സ്പർശിച്ചാൽ മാത്രം മതി, എനിക്ക് സൗഖ്യം കിട്ടും എന്ന് അവൾ ഉള്ളിൽ വിചാരി

(ശേഷം പേജ് 2 ൽ)

(എഡിറ്റോറിയൽ തുടർച്ച)

ച്ചിരുന്നു. യേശു തിരിഞ്ഞ് അവളെ നോക്കി അരുളിചെയ്തു: മകളേ, ധൈര്യമായിരിക്കുക: നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ആ നിമിഷം മുതൽ അവൾ സൗഖ്യമുള്ളവളായി'' (മത്താ. 9:20-22).

വി. പൗലോസ് സ്പർശിച്ച തൂവാലകളും മേലങ്കികളും രോഗശാന്തിയും വിടുതലും നൽകുന്നു. ''പൗലോസിന്റെ കരങ്ങൾ വഴി ദൈവം അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നു. അവന്റെ ശരീരസ്പർശമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തുകൊണ്ടു വന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽ നിന്നു പുറത്തു വരുകയും ചെയ്തിരുന്നു'' (അപ്പ. പ്രവ. 19:11-12). ഭൗതിക വസ്തുക്കളിലൂടെ ദൈവത്തിന് എങ്ങനെ കൃപ പകരാൻ കഴിയുമെന്ന് ഈ ഉദാഹരണങ്ങൾ തെളിയിക്കുന്നു. തിരുശേഷിപ്പുകളുടെ ആരാധനക്ക് അടിസ്ഥാനമായ ഒരു തത്വമാണിത്.

തിരുശേഷിപ്പുകളെ 3 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു

ഒന്നാം ക്ലാസ്സ് : ഒരു വിശുദ്ധന്റെ ശരീരഭാഗങ്ങൾ.

രണ്ടാം ക്ലാസ്സ് : ഒരു വിശുദ്ധൻ ഉപയോഗിച്ച വസ്തുക്കൾ.

മൂന്നാം ക്ലാസ്സ് : ഒന്നാം ക്ലാസ്സ് തിരുശേഷിപ്പുകളിൽ സ്പർശിക്കുന്ന വസ്തുക്കൾ.

മനുഷ്യശരീരം പവിത്രമാണ്. കാരണം അത് ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിന്റെ ആലയമായി മാറുകയും ചെയ്തു. ഇങ്ങനെ മാമ്മോദീസായിലൂടെ സമർപ്പിക്കപ്പെട്ട മനുഷ്യശരീരം എങ്ങനെ കൃപയുടെയും സാക്ഷ്യത്തിന്റെയും ഉപകരണമായി മാറുമെന്ന് ചിന്തിക്കാൻ തിരുശേഷിപ്പുകൾ നമ്മെ ക്ഷണിക്കുന്നു. ''ശരീരം ദുർവൃത്തിക്കുവേണ്ടിയുള്ളതല്ല; പ്രത്യുത, ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടിയുള്ളതാണ്'' (1 കോറി. 6:13). മാത്രമല്ല നാം എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടവരാണെന്ന് തിരുശേഷിപ്പുകൾ നമ്മെ ഓർമ്മിക്കുന്നു. ''ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' (1 പത്രോ.1:16).

സഭ പ്രോത്സാഹിപ്പിക്കുന്നതെന്ത്?

മരിച്ചവരുടെ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്യുക, അവരെ ഓർക്കുക, അവരുടെ ആത്മാക്കൾക്കായി പ്രാർത്ഥിക്കുക, കുർബാന അർപ്പിക്കുക, ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കുക. ''എന്നാൽ, ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യ സമ്മാനത്തെക്കുറിച്ച് അവൻ പ്രത്യാശ പുലർത്തിയെങ്കിൽ പാവനവും ഭക്തിപൂർണവുമായ ഒരു ചിന്തയാണ്. അതിനാൽ മരിച്ചവർക്ക്, പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാരകർമം അനുഷ്ഠിച്ചു'' (2 മക്ക. 12:45).

മരിച്ചവരുടെ വസ്തുക്കളും മനഃശാസ്ത്രവും

മരിച്ച ഒരാളുടെ വസ്തുക്കൾ ഉപയോഗിക്കുന്നതിലെ പ്രധാന പ്രശ്നങ്ങൾ പലപ്പോഴും മാനസികമോ വൈകാരികമോ ആണെന്ന് മനശാസ്ത്രജ്ഞർ പറയുന്നു. മരിച്ച വ്യക്തിയെ ശക്തമായി ഓർമ്മിപ്പിക്കുന്ന ഒരു വസ്തു ഉപയോഗിക്കുന്നത് അത് ഉപയോഗിക്കുന്നവരുടെ ജീവിതത്തിൽ പലവിധത്തിലുള്ള അസ്വസ്ഥതയോ സങ്കടമോ കൊണ്ടുവരാൻ സാധ്യതയുണ്ട്. ഈ വസ്തുക്കളെ അമിതമായി ആശ്രയിക്കുന്നതും ഈ വസ്തുക്കളിൽ കുടുങ്ങിക്കിടക്കുന്നതും ആ വ്യക്തിയുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്നതിനു പകരം ഒരു വലിയ തടസ്സമായി നിൽക്കും.

മരിച്ചവരുടെ വസ്തുക്കളും ശുചിത്വവും

മരിച്ചവരുടെ വസ്തുക്കൾ സൂക്ഷിക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമാണ് ശുചിത്വം. മരണ സമയത്ത് ധരിക്കുന്ന വസ്ത്രങ്ങൾ, പ്രത്യേകിച്ച് ശരീരത്തിൽ ഉള്ളവ ഉപേക്ഷിക്കുന്നതാണ് നല്ലത്. മരണസമയത്ത് ഉപയോഗിച്ച കിടക്കകളും തലയിണകളും ഉപേക്ഷിക്കുന്നതായിരിക്കാം ഉത്തമം. കാരണം അവയിൽ രോഗാണുക്കൾ ഉണ്ടാകാം.

മരിച്ചുപോയ അപ്പച്ചന്റെ കമ്പിളി ഉപയോഗിക്കുന്ന ഒരു സിസ്റ്ററിന് കർത്താവ് കാണിക്കുന്നു. ആ സിസ്റ്റർക്ക് എപ്പോഴും ജലദോഷവും തുമ്മലും ആണ്, കമ്പിളി ഉപേക്ഷിക്കാൻ സന്ദേശം നൽകുന്നു (താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2025 ഓഗസ്റ്റ് മാസം 31-ാം തീയതി കടലുണ്ടി ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വെച്ച് നടന്ന സിസ്റ്റേഴ്സിനു വേണ്ടിയുള്ള താമസിച്ചുള്ള ധ്യാനത്തിൽ ഞാൻ പങ്കെടുത്തിരുന്നു. വ്യാഴാഴ്ച ദിവസം അച്ചൻ വിളിച്ചു പറഞ്ഞു: ''മരിച്ചുപോയ അപ്പച്ചന്റെ കമ്പിളി ഉപയോഗിക്കുന്ന ഒരു സിസ്റ്ററിനെ കർത്താവ് കാണിക്കുന്നു. ആ സിസ്റ്റർക്ക് എപ്പോഴും ജലദോഷവും തുമ്മലും ആണ്, കമ്പിളി ഉപേക്ഷിക്കാൻ സന്ദേശം നൽകുന്നു'' എന്ന്. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. കാരണം, മരിച്ചു പോയവരുടെ ചില വസ്തുക്കൾ ഉപയോഗിക്കുന്നവർ അത് ഉപേക്ഷിക്കണം എന്ന് പലപ്പോഴും അച്ചൻ പറയുന്നത് കേൾക്കുമ്പോൾ എനിക്ക് അതിൽ ഒട്ടും വിശ്വാസം ഉണ്ടായിരുന്നില്ല. എന്റെ അപ്പച്ചൻ ഏഴു വർഷങ്ങൾക്കു മുമ്പ് മരിച്ചു പോയതാണ്. അപ്പച്ചൻ സ്ഥിരമായി ഉപയോഗിച്ചിരുന്ന കമ്പിളി പുതപ്പ് ആറുവർഷത്തോളമായി ഞാൻ ഉപയോഗിക്കുന്നുണ്ടായിരുന്നു. അച്ചൻ ഇത് പറഞ്ഞപ്പോൾ എനിക്ക് എപ്പോഴും ജലദോഷവും തുമ്മലും ഉണ്ടാകുമായിരുന്നു. ഞാൻ ധ്യാനത്തിൽ സംബന്ധിക്കുന്ന സമയത്തും ഉണ്ടായിരുന്നു. കുട്ടികൾക്ക് ക്ലാസ്സ് എടുക്കുമ്പോഴും ജലദോഷവും തുമ്മലും വരാറുണ്ട്. ഇത് അപ്പച്ചന്റെ കമ്പിളി ഉപയോഗിക്കുന്നതുകൊണ്ടാണ് വരുന്നത് എന്ന് എനിക്ക് മനസ്സിലായി. ധ്യാനം കഴിഞ്ഞ് പോയപ്പോൾ തന്നെ ആ കമ്പിളി പുതപ്പ് ഞാൻ കത്തിച്ചു കളഞ്ഞു. കൂടാതെ മരിച്ചു പോയവരുടെ ചില വസ്തുക്കൾ ഞാൻ സൂക്ഷിച്ച് വെച്ചിരുന്നു. അതും കത്തിച്ചു കളഞ്ഞു. അതിനു ശേഷം ഒരു മാസത്തോളമായി ജലദോഷമോ തുമ്മലോ എനിക്ക് വന്നിട്ടില്ല. പിന്നീട് മരുന്ന് കഴിക്കേണ്ടിയും വന്നിട്ടില്ല. അത്ഭുത രോഗശാന്തി നൽകി എന്നെ അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

സി. ഡാനി
കടലുണ്ടി

ചുരുക്കത്തിൽ, മരിച്ചവരുടെ വസ്തുക്കൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഓരോ വ്യക്തിയും സ്വയം തീരുമാനിക്കണം. കർശനമായ നിയമങ്ങളോ സാർവ്വത്രിക പരിഹാരമോ ഇല്ല. ഓർമ്മകൾ നിലനിർത്താൻ വസ്തുക്കൾക്ക് കഴിയും. പക്ഷേ ആ വസ്തുക്കൾ മരിച്ചു പോയ വ്യക്തിയെ തിരിച്ചു കൊണ്ടുവരാൻ പറ്റില്ല. വീട്ടിൽ വൃത്തിയും ക്രമവും നിലനിർത്തുക, സൽകർമ്മങ്ങൾ ചെയ്യുക, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നിവയാണ് യഥാർത്ഥത്തിൽ പ്രധാനം. ഇന്ന് പല കത്തോലിക്കരും അറിയാതെതന്നെ പാപകരമായ വസ്തുക്കൾ വീട്ടിൽ സൂക്ഷിച്ചുകൊണ്ട് പിശാചിന് വാതിൽ തുറന്ന് കൊടുക്കുന്നു. ജോഷ്വാ 24:15-ൽ നാം ഇപ്രകാരം വായിക്കുന്നു: ''ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും''. എല്ലാ കത്തോലിക്കാ കുടുംബങ്ങളും ജോഷ്വയെ പോലെ ഇതു തന്നെ പ്രഖ്യാപിക്കണം. വീട്ടിൽ നിന്നും അശുദ്ധ വസ്തുക്കളെല്ലാം നീക്കം ചെയ്ത് വൃത്തിയോടെ ക്രമത്തിൽ വീടിനെ സൂക്ഷിക്കണം. നമ്മുടെ ഭവനങ്ങൾ ഒരു ചെറിയ സഭയാണ്. ഈ വിശുദ്ധി എല്ലാ കത്തോലിക്കാ ഭവനങ്ങളും കാത്തു സൂക്ഷിക്കണം.

പാപകരമായ വസ്തുക്കൾക്ക് പകരം നമ്മുടെ വീടുകൾ വിശുദ്ധ വസ്തുക്കൾ കൊണ്ട് നിറയട്ടെ. വീടുകളിൽ ഹന്നാൻ വെള്ളവും കുരിശ് രൂപങ്ങളും യേശുവിന്റെയും മറിയത്തിന്റെയും മറ്റ് വിശുദ്ധരുടെയും ചിത്രങ്ങളും ജപമാലകളും അനുഗ്രഹീത മെഡലുകളും ഉത്തരീയവും ഉണ്ടായിരിക്കട്ടെ. ഇത് വീടിനെ വിശുദ്ധീകരിക്കുന്നു. പിശാചിനെ ആട്ടി ഓടിക്കുന്നു.

ജന്മനാ കാഴ്ച ഇല്ലാതിരുന്ന കണ്ണിന് കാഴ്ച ശക്തി നൽകി കർത്താവ് അനുഗ്രഹിച്ചു (താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

എന്റെ ഇടത്തെ കണ്ണിന് ജന്മനാ കാഴ്ചശക്തി ഇല്ലായിരുന്നു. ഒരു അപകടത്തെ തുടർന്ന് വലത്തെ കണ്ണിന് പരിക്ക് പറ്റിയപ്പോഴാണ് ഇടത്തെ കണ്ണിന് ജന്മനാ കാഴ്ച ശക്തി ഇല്ല എന്ന് ഡോക്ടർ പറഞ്ഞത്. തുടർന്ന് പല ഡോക്ടർമാരെ മാറി മാറി കാണിച്ചപ്പോഴും ഓപ്പറേഷൻ ചെയ്താലും കണ്ണിന് കാഴ്ച ശക്തി കിട്ടില്ല എന്നാണ് പറഞ്ഞിരുന്നത്. 2025 നവംബർ മാസം ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് അഞ്ചുദിവസത്തെ ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ബുധനാഴ്ച ദിവസം റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: ''ലിസി എന്ന മകളെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. അത്ഭുതമെന്നു പറയട്ടെ പിന്നീട് എന്റെ വലത്തെ കണ്ണ് കൈകൊണ്ട് അടച്ചുപിടിച്ച് ഇടത്തെ കണ്ണുകൊണ്ട് നോക്കിയപ്പോൾ എല്ലാം എനിക്ക് കാണാൻ സാധിക്കുന്നുണ്ടായിരുന്നു. എനിക്ക് പൂർണമായി കാഴ്ചശക്തി നൽകി കർത്താവ് അനുഗ്രഹിച്ചു. എല്ലാ വസ്തുക്കളും സാധാരണ പോലെ കാണാൻ എനിക്കിപ്പോൾ സാധിക്കുന്നുണ്ട്. ജന്മനാ കാഴ്ചശക്തി ഇല്ലാതിരുന്ന കണ്ണിന് കാഴ്ച ശക്തി നൽകി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

ലിസി, കാസർഗോഡ്

ഗോഡ്വിനെ കർത്താവ് അനുഗ്രഹിക്കുന്നു (ഏഴ് വർഷമായിട്ടുള്ള വിവാഹതടസ്സം എടുത്ത് മാറ്റി കർത്താവ് അനുഗ്രഹിച്ചു) (ഏകദിന എൽ റൂഹ ബൈബിൾ കൺവെൻഷൻ)

എനിക്ക് മൂന്ന് ആൺമക്കളാണുള്ളത്.എന്റെ മൂത്തമകന് 27 വയസ്സുള്ളപ്പോൾ മുതൽ വിവാഹം ആലോചിക്കുന്നുണ്ടെങ്കിലും ഒന്നും ശരിയാകുന്നുണ്ടായിരുന്നില്ല. 34 വയസ്സായിട്ടും അവന്റെ വിവാഹം നടന്നിട്ടുണ്ടായിരുന്നില്ല. ഏഴു വർഷത്തോളമായി എന്റെ മകന്റെ വിവാഹ തടസ്സം മാറാൻ വേണ്ടി ഞാൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. പല ധ്യാനകേന്ദ്രങ്ങളിലും പോയി പ്രാർത്ഥിച്ചിരുന്നെങ്കിലും എന്റെ മകന്റെ വിവാഹ തടസ്സം മാറുന്നുണ്ടായിരുന്നില്ല.എന്റെ കൂട്ടുകാരി പറഞ്ഞിട്ടാണ് ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തെക്കുറിച്ചു അറിയുന്നത്. 2023 ഫെബ്രുവരി മാസത്തിലാണ് ഞാൻ ആദ്യമായി ശനിയാഴ്ചയിലെ ഒരു ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുവാനായി കടലുണ്ടി ധ്യാനകേന്ദ്രത്തിൽ എത്തുന്നത്. എന്റെ മകന്റെ പേര് അച്ചൻ വിളിച്ചു പറഞ്ഞാൽ മാത്രമേ ഞാൻ വിശ്വസിക്കുകയുള്ളൂ എന്ന് മനസ്സിൽ ചിന്തിച്ചിരുന്നു. ആരാധനയുടെ സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: ''ഗോഡ്വിൻ എന്ന മകനെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. എനിക്ക് വലിയ അത്ഭുതമായി. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. അത്ഭുതം എന്ന് പറയട്ടെ ഒരാഴ്ചയ്ക്കുള്ളിൽ നല്ലൊരു വിവാഹ ആലോചന വരികയും രണ്ടുമാസത്തിനുള്ളിൽ എന്റെ മകന്റെ വിവാഹം ഭംഗിയായി നടക്കുകയും ചെയ്തു. ഏഴുവർഷമായിട്ടുള്ള വിവാഹ തടസ്സം എടുത്തു മാറ്റി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

ജോയ്സി, കാട്ടൂർ

ക്യാൻസർ രോഗമുള്ള മക്കളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു (ഏകദിന എൽ റൂഹ ബൈബിൾ കൺവെൻഷൻ)

2023-ൽ എന്റെ മകൾക്ക് ബ്ലഡ് കാൻസർ ആണെന്ന് കണ്ടെത്തി. 9 മാസം RCC യിൽ ചികിത്സയിലായിരുന്നു. എല്ലാ മാസവും ചെക്കപ്പ് ചെയ്തുകൊണ്ടിരുന്നു. കൂടാതെ മരുന്നു മുടങ്ങാതെ കഴിക്കുന്നുണ്ടായിരുന്നു. 2025 സെപ്റ്റംബർ മാസമാണ് അവസാനത്തെ ചെക്കപ്പ് പറഞ്ഞിട്ടുണ്ടായിരുന്നത്. 2025 ഓഗസ്റ്റ് മാസം ഞാനും എന്റെ മകളും ആദ്യമായി കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ ശനിയാഴ്ചയിലെ ഒരു ഏകദിന ബൈബിൾ കൺവെൻഷനിൽ വന്ന് പങ്കെടുത്തിരുന്നു. അന്നേദിവസം ആരാധനയുടെ സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: ''ക്യാൻസർ രോഗമുള്ള മക്കളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു'' എന്ന്. ആ സമയം ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. അന്നത്തെ ശുശ്രൂഷയിൽ എന്റെ മകളുടെ സൗഖ്യത്തിനായി കരഞ്ഞുകൊണ്ട് ഞാൻ ശക്തമായി പ്രാർത്ഥിച്ചിരുന്നു. അതിനുശേഷം സെപ്റ്റംബർ മാസത്തിൽ ഹോസ്പിറ്റലിൽ പോയി എല്ലാം ടെസ്റ്റുകളും ചെയ്തു. റിസൽട്ട് വന്നപ്പോൾ അത്ഭുതമെന്ന് പറയട്ടെ ക്യാൻസറിന്റേതായ ഒരു സെല്ലുകളും അവശേഷിക്കുന്നില്ല എന്നും ഇനി യാതൊരു മരുന്നുകളും കഴിക്കേണ്ട എന്നും ഡോക്ടർ പറഞ്ഞു. അത്ഭുത രോഗശാന്തി നൽകി എന്റെ മകളെ കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, എന്റെ മകൾക്ക് ശക്തമായ തലവേദന ഉണ്ടായിരുന്നു. 2025-ൽ സ്കൂൾ തുറന്നതിനു ശേഷം വളരെ കുറച്ചുദിവസം മാത്രമേ സ്കൂളിൽ പോകാൻ എന്റെ മകൾക്ക് സാധിച്ചിരുന്നുള്ളു. അതിശക്തമായ തലവേദന ആയിരുന്നു. എത്ര മരുന്ന് കഴിച്ചിട്ടും മാറുന്നില്ലായിരുന്നു. തലവേദന വരുന്ന സമയത്ത് മുടിയിൽ പിടിച്ചു വലിക്കുകയും ബെഡിൽ കിടന്ന് ഉരുളുകയും ചെയ്യുന്ന ഒരു അവസ്ഥയായിരുന്നു. 2025 ഓഗസ്റ്റ് മാസം ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു കൊണ്ടിരുന്ന സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: '' തലവേദനയുള്ള മക്കളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''എന്ന്. ആ സമയത്ത് ഞാൻ എന്റെ മകളെ സുഖപ്പെടുത്തണമേ കർത്താവേ എന്നു പറഞ്ഞ് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. അന്നേ ദിവസം കൺവെൻഷനിടയിൽ ''മരിച്ചു പോയവരുടെ ചില വസ്തുക്കൾ സൂക്ഷിച്ചു വെച്ചിട്ടുള്ള മകളോട് അത് എടുത്തു കളയാൻ കർത്താവ് സന്ദേശം തരുന്നു'' എന്ന് അച്ചൻ വിളിച്ചു പറഞ്ഞിരുന്നു. 2020-ൽ എന്റെ മൂത്തമകൻ ബ്ലഡ് ക്യാൻസർ വന്നു മരിച്ചിരുന്നു. അവന് ഏറ്റവും ഇഷ്ടപ്പെട്ട വസ്തുക്കളും കളിപ്പാട്ടങ്ങളും വാച്ചും ഒരു ഷെൽഫ് നിറയെ എടുത്ത് ഞാൻ സൂക്ഷിച്ചു വച്ചിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞതിനു ശേഷം സെപ്റ്റംബർ മാസത്തിൽ ഞാൻ എന്റെ മകന്റെ ഓർമ്മയ്ക്കായി സൂക്ഷിച്ചുവച്ച എല്ലാ വസ്തുക്കളും കത്തിച്ചുകളഞ്ഞു. കൂടാതെ ഏൽ റൂഹ ധ്യാനകേന്ദ്രത്തിലെ സ്റ്റാളിൽ നിന്നും വാങ്ങിയ വെഞ്ചിരിച്ച കല്ലുപ്പ് വീടിനു ചുറ്റും ഇട്ട് പ്രാർത്ഥിച്ചിരുന്നു. അത്ഭുതമെന്ന് പറയട്ടെ അതിനു ശേഷം എന്റെ മകൾക്ക് പിന്നീട് തലവേദന വന്നിട്ടില്ല. ഓണത്തിന്റെ വെക്കേഷന് ശേഷം എല്ലാദിവസവും മുടങ്ങാതെ എന്റെ മകൾക്ക് സ്കൂളിൽ പോകാൻ സാധിക്കുന്നുണ്ട്. മരിച്ചു പോയ മകന്റെ ഓർമ്മയ്ക്കായി സൂക്ഷിച്ചു വെച്ചിരുന്ന വസ്തുക്കൾ കത്തിച്ചു കളഞ്ഞത് വഴി എന്റെ വീട്ടിൽ വലിയ ഒരു പോസിറ്റീവ് എനർജിയും കുടുംബ സമാധാനവും വന്നതായി എനിക്ക് അനുഭവപ്പെട്ടു. വലിയ വിടുതലും രോഗശാന്തിയും നൽകി എന്റെ കുടുംബത്തെ അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.



സിനി, ബ്രഹ്മകുളം

വെഞ്ചിരിച്ച കല്ലുപ്പ് ഇട്ട് പ്രാർത്ഥിച്ചത് വഴി 15 വർഷത്തോളമായി വീടിനു മുമ്പിൽ ആക്സിഡന്റ് നടക്കുന്ന അവസ്ഥയിൽ നിന്നും വിടുതൽ നൽകി കർത്താവ് അനുഗ്രഹിച്ചു (ഭൂതോച്ചാടന വസ്തുക്കളുടെ പ്രാധാന്യം)

2023-ൽ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ധ്യാനത്തിനിടയിൽ അച്ചൻ വിളിച്ചു പറഞ്ഞു: ''ശക്തമായ പുറം വേദനയുള്ള ഒരു വ്യക്തിയെ കർത്താവ് സുഖപ്പെടുത്തുന്നു'' എന്ന്. എനിക്ക് 40 വർഷത്തോളമായി പുറം വേദന ഉണ്ടായിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞപ്പോൾ അത് ഞാൻ തന്നെയാണെന്ന് ഉറച്ചു വിശ്വസിച്ചു പ്രാർത്ഥിച്ചു. അന്ന് മുതൽ ഇപ്പോൾ രണ്ട് വർഷമായി എനിക്ക് പുറം വേദന വന്നിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

രണ്ടാമതായി ഹൈവേയിൽ നിന്നും 50 മീറ്റർ അകലെയാണ് ഞങ്ങളുടെ വീട്. 15 വർഷത്തോളമായി ഞങ്ങളുടെ വീടിനു മുൻവശത്ത് ആഴ്ചയിൽ ഒരു തവണയെങ്കിലും ആക്സിഡന്റ് നടക്കുമായിരുന്നു. വലിയ ഭയത്തോടെയാണ് ഞങ്ങൾ വീട്ടിൽ താമസിച്ചിരുന്നത്. ഓരോ തവണ വീടിനു മുൻവശത്ത് ആക്സിഡന്റ് നടക്കുമ്പോഴും അപകടസ്ഥലത്തേക്ക് ആളുകൾ കൂട്ടത്തോടെ ഓടുമായിരുന്നു. ആ സമയത്തുണ്ടാകുന്ന കരച്ചിലും ബഹളവും ഞങ്ങളെ വല്ലാതെ ഭയപ്പെടുത്തിയിരുന്നു. വർഷങ്ങളായി വലിയ അസ്വസ്ഥതയിലൂടെയായിരുന്നു ഞങ്ങൾ കടന്നു പോയിരുന്നത്. കൂടാതെ ഞങ്ങളുടെ വീട്ടിൽ ഒത്തിരി തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. ധ്യാനത്തിനു വന്ന സമയത്ത് ഏൽ റൂഹ സ്റ്റാളിൽ നിന്നും വെഞ്ചിരിച്ച കല്ലുപ്പ് വാങ്ങിയിരുന്നു. വിശ്വാസപ്രമാണം ചൊല്ലി വീടിന് ചുറ്റിലും റോഡ് സൈഡിലും ആയി വെഞ്ചിരിച്ച കല്ലുപ്പ് വിതറി പ്രാർത്ഥിച്ചതിന്റെ ഫലമായി പിന്നീട് വീടിന്റെ മുൻവശത്തെ റോഡിൽ അപകടങ്ങൾ ഉണ്ടായിട്ടില്ല. പരിപൂർണ്ണമായ വിടുതൽ നൽകി കർത്താവ് അനുഗ്രഹിച്ചു. നവംബർ മാസത്തിൽ ശബരിമലയിലേക്ക് ആളുകൾ പോകുന്ന സമയത്ത് സ്ഥിരമായി അപകടങ്ങൾ ആ റോഡിൽ സംഭവിക്കുമായിരുന്നു. വെഞ്ചിരിച്ച കല്ലുപ്പ് വിതറി പ്രാർത്ഥിച്ച വർഷം നവംബർ മാസത്തിൽ യാതൊരു വിധത്തിലുള്ള അപകടങ്ങളും ഉണ്ടായിട്ടില്ല. ഇപ്പോൾ രണ്ടു വർഷത്തോളമായി ഞങ്ങളുടെ വീടിനു മുമ്പിൽ അപകടങ്ങൾ നടക്കാറില്ല. ഇത്ര വലിയ അനുഗ്രഹങ്ങൾ ലഭിച്ചിട്ടും കടലുണ്ടി ധ്യാനകേന്ദ്രത്തിൽ വന്നു സാക്ഷ്യപ്പെടുത്തിയിരുന്നില്ല. ഹൈവേയോട് ചേർന്ന് ഞങ്ങൾക്കൊരു കടയുണ്ട്. ഒരു മാസത്തിനു മുമ്പ് ആ കടയിലേക്ക് ഞാൻ കയറുന്ന സമയത്ത് ഒരു കാർ മറ്റൊരു കാറിൽ ഇടിച്ച് ചെറിയൊരു അപകടം ഉണ്ടായി. അപ്പോഴാണ് ഇത്ര വലിയ അനുഗ്രഹം ലഭിച്ചിട്ടും സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് ഞാൻ ചിന്തിച്ചത്. വെഞ്ചിരിച്ച കല്ലുപ്പ് വിതറി പ്രാർത്ഥിച്ചത് വഴി ഈ ഒരു അവസ്ഥയിൽ നിന്ന് വിടുതൽ നൽകി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

മൂന്നാമതായി, വെഞ്ചിരിച്ച കല്ലുപ്പ് ഇട്ട് പ്രാർത്ഥിച്ചതു വഴി വീട്ടിൽ നിന്നും പല്ലിയുടെയും പാറ്റയുടെയും അണ്ണാന്റെയും ശല്യം മാറി കിട്ടി. കൂടാതെ ഞങ്ങളുടെ വീടിനു മുൻവശത്ത് 10 വർഷത്തോളമായി വിൽക്കാൻ സാധിക്കാത്ത ഒരു തടി ഉണ്ടായിരുന്നു. വെഞ്ചിരിച്ച കല്ലുപ്പ് വിതറി പ്രാർത്ഥിച്ചത് വഴി വിൽപ്പന തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ മിറാക്കുലസ് മെഡൽ വലിയ വിശ്വാസത്തോടുകൂടി എന്റെ പേഴ്സിൽ ഞാൻ വെച്ചിരുന്നു. അതിനുശേഷം സാമ്പത്തിക മേഖലയിൽ വലിയ ഉന്നതി നൽകി കർത്താവ് അനുഗ്രഹിച്ചു. എന്റെ ജീവിതത്തിൽ കർത്താവ് വർഷിച്ച അനുഗ്രഹങ്ങൾക്ക് ഒരായിരം നന്ദി.

ആൻസി
പാല

ശരീരത്തിൽ വെള്ളപ്പാണ്ടുള്ള വ്യക്തിയോട് തുറന്ന കുമ്പസാരം നടത്താൻ കർത്താവ് സന്ദേശം തരുന്നു (താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

എനിക്ക് മൂന്നു വർഷത്തോളമായി ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളപ്പാണ്ട് ഉണ്ടായിരുന്നു. 2023 ൽ കടലുണ്ടി ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന താമസിച്ചുള്ള ഏൽ റൂഹ ധ്യാനത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ഒരു ദിവസം റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: ''ശരീരത്തിൽ വെള്ളപ്പാണ്ട് ഉള്ള വ്യക്തിയോട് തുറന്ന കുമ്പസാരം നടത്താൻ കർത്താവ് സന്ദേശം തരുന്നു'' എന്ന്. അച്ചൻ സന്ദേശത്തിൽ പറഞ്ഞത് പ്രകാരം ഞാൻ തുറന്ന കുമ്പസാരം നടത്തി. അത്ഭുതം എന്ന് പറയട്ടെ ധ്യാനം കഴിഞ്ഞ് വീട്ടിൽ ചെന്നപ്പോൾ എന്റെ ശരീരത്തിൽ വെള്ളപ്പാണ്ട് കാണാനുണ്ടായിരുന്നില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. അത്ഭുത രോഗശാന്തി നൽകിയ യേശുവിന് ഒരായിരം നന്ദി.

സെലിൻ
തിരൂർ

ഇടയ്ക്കിടെ പനി വരുന്ന ഒരു മകളോട് മൂക്കുത്തി അഴിച്ച് മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു (താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

ഞാൻ നഴ്സായി ജോലി ചെയ്യുന്ന ഒരു വ്യക്തിയാണ്. 2025 ജൂലൈ മാസം ഇരുപത്തിയേഴാം തിയ്യതി കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വെച്ചുനടന്ന താമസിച്ചുള്ള ധ്യാനത്തിൽ ഞാനും എന്റെ അമ്മയും പങ്കെടുത്തിരുന്നു. ധ്യാനത്തിനു വരുന്ന സമയത്ത് ഞാൻ മൂക്കുത്തി ധരിച്ചിട്ടുണ്ടായിരുന്നു. ഏകദേശം നാലു വർഷങ്ങൾക്ക് മുൻപാണ് ഞാൻ മൂക്കുത്തി കുത്തുന്നത്.ധ്യാനത്തിന് ഇടയിൽ റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: ''ഇടയ്ക്കിടെ പനി വരുന്ന ഒരു മകളോട് മൂക്കുത്തി അഴിച്ചു മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു'' എന്ന്. ആ വ്യക്തി ഞാൻ ആയിരുന്നു. എനിക്ക് ഇടയ്ക്കിടെ പനി വരുന്ന അവസ്ഥ ഉണ്ടായിരുന്നു.ഒരു മാസം മൂന്നു തവണയെങ്കിലും പനി വരുമായിരുന്നു. ആ സമയത്ത് ശക്തമായ ശ്വാസംമുട്ടൽ വരുമായിരുന്നു. വലിയ ബുദ്ധിമുട്ടിലൂടെയാണ് ഞാൻ കടന്നു പോയിക്കൊണ്ടിരുന്നത്. ഇടയ്ക്കിടെ പനി വരുന്നതിനു പുറമെ മറ്റുപല രോഗവസ്ഥയും എനിക്ക് ഉണ്ടായിരുന്നു. എട്ട് വർഷത്തോളമായി മൈഗ്രെയിൻ തലവേദനയും ഉണ്ടായിരുന്നു. നാലു വർഷത്തോളമായി സിവിയർ മൈഗ്രെയിൻ ആയിരുന്നു. ഞാൻ മൂക്കുത്തി കുത്തിയതിനുശേഷമാണ് എനിക്ക് ശക്തമായ മൈഗ്രെയ്ൻ തലവേദന ഉണ്ടായിരുന്നത്. ഞാൻ വളരെ ആഗ്രഹിച്ചു കുത്തിയ മൂക്കുത്തി ആയതിനാൽ തന്നെ മൂക്കുത്തി ഊരിമാറ്റി പ്രാർത്ഥിക്കാൻ എനിക്ക് ഒട്ടും താല്പര്യമുണ്ടായിരുന്നില്ല. കൂടാതെ 10 വർഷത്തോളമായി രാവിലെ എഴുന്നേറ്റാൽ ഉടൻ ചുരുങ്ങിയത് ഒരു 10 മിനിറ്റ് എങ്കിലും ഞാൻ തുമ്മുമായിരുന്നു. തുടർന്ന് ജലദോഷവും കണ്ണ് ചുവന്നു വരുന്ന അവസ്ഥയും ഉണ്ടായിരുന്നു. വീട്ടിൽ അമ്മയെ സഹായിക്കുവാനോ ജോലികൾ ചെയ്യുവാനോ അടിച്ചുവാരാനോ സാധിക്കില്ലായിരുന്നു. പൊടിതട്ടിയാൽ അലർജി വരുമായിരുന്നു. പല തവണ മൂക്കുത്തി ഊരി മാറ്റി പ്രാർത്ഥിക്കാൻ റാഫേലച്ചൻ സന്ദേശത്തിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു. 29-ാം തിയ്യതി ഞാൻ മൂക്കുത്തി ഊരി മാറ്റി. അന്ന് രാത്രി നടന്ന ആരാധനയുടെ സമയത്ത് അച്ചൻ വിളിച്ചുപറഞ്ഞു : ''മൈഗ്രെയിൻ തലവേദനയുള്ള മക്കളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു'' എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം എനിക്ക് മൈഗ്രെയിൻ തലവേദന വന്നിട്ടില്ല. പിറ്റേദിവസം രാവിലെ എഴുന്നേറ്റപ്പോൾ എനിക്ക് തുമ്മൽ ഉണ്ടായിരുന്നില്ല. അന്നേദിവസം തന്നെ എന്റെ അലർജി രോഗം പൂർണമായി സൗഖ്യപ്പെട്ടിരുന്നു. ഇപ്പോൾ മൂന്നുമാസത്തോളമായി ഇടയ്ക്കിടെ പനി വരുന്ന അവസ്ഥയോ മൈഗ്രേയ്ൻ തലവേദനയോ അലർജി രോഗമോ എനിക്ക് വന്നിട്ടില്ല.

രണ്ടാമതായി, എനിക്ക് മൂന്ന് വർഷത്തോളമായി മൂക്കിന് മണം കിട്ടാത്ത അവസ്ഥ ഉണ്ടായിരുന്നു. കൂടാതെ മൂക്കിൽ ദശ വളരുന്ന അവസ്ഥയും ഉണ്ടായിരുന്നു. ധ്യാനത്തിനിടയിൽ അച്ചൻ വിളിച്ചുപറഞ്ഞു: ''മൂക്കിനു മണം കിട്ടാത്ത വ്യക്തിയെ കർത്താവ് സുഖപ്പെടുത്തുന്നു'' എന്ന്. ആ സമയത്ത് തന്നെ എന്റെ മൂക്ക് തുറന്നു. എല്ലാ വസ്തുക്കളുടെയും മണം കിട്ടാൻ തുടങ്ങി. ധ്യാനം കഴിഞ്ഞതിനുശേഷം ഡോക്ടറെ കാണിച്ചപ്പോൾ മൂക്കിലെ ദശ പൂർണമായി മാറിയിരിക്കുന്നു എന്ന് ഡോക്ടർ പറയുകയും ചെയ്തു.

മൂന്നാമതായി, എനിക്ക് മൂന്നര വർഷത്തോളമായി ഗ്യാസ്ട്രബിൾ ഉണ്ടായിരുന്നു. എന്ത് ഭക്ഷണം കഴിച്ചാലും ടോയ്ലറ്റിൽ പോകേണ്ട അവസ്ഥയായിരുന്നു. ധ്യാനത്തിനിടയിൽ റാഫേൽ അച്ചൻ പറഞ്ഞതനുസരിച്ചു വെഞ്ചിരിച്ച തേനും വെഞ്ചിരിച്ച ഒലിവ് ഓയിലും 33 വിശ്വാസപ്രമാണം ചൊല്ലി എല്ലാദിവസവും ഞാൻ കഴിക്കുന്നുണ്ടായിരുന്നു. അതിനുശേഷം എനിക്ക് ഗ്യാസിന്റെ പ്രശ്നം വന്നിട്ടില്ല. ഇപ്പോൾ എല്ലാ ആഹാരവും കഴിക്കാൻ എനിക്ക് സാധിക്കുന്നുണ്ട്.കൂടാതെ എനിക്ക് ശക്തമായ നടുവേദനയും ഉണ്ടായിരുന്നു. കുനിഞ്ഞുനിന്ന് ജോലികൾ ചെയ്യാനും ഹോസ്പിറ്റലിൽ രോഗികളെ പരിചരിക്കാനും വലിയ ബുദ്ധിമുട്ടായിരുന്നു. ധ്യാനത്തിനിടയിൽ നടുവേദന ഉള്ള വ്യക്തികളെ കർത്താവ് സുഖപ്പെടുത്തുന്നു എന്ന് അച്ചൻ വിളിച്ചു പറഞ്ഞിരുന്നു. ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതിനുശേഷം എനിക്ക് നടുവേദന ഉണ്ടായിട്ടില്ല. ഇപ്പോൾ കുനിഞ്ഞു നിന്ന് ജോലികൾ ചെയ്യാനും ഹോസ്പിറ്റലിൽ രോഗികളെ പരിചരിക്കാനും യാതൊരു ബുദ്ധിമുട്ടുമില്ല.പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു.

നാലാമതായി, നാളുകളായി എനിക്ക് പിരീഡ്സ് ക്രമം അല്ലായിരുന്നു. എന്റെ അമ്മ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം അച്ചൻ വിളിച്ചുപറഞ്ഞു: ''പിരീഡ്സ് ക്രമം അല്ലാത്ത മകൾക്ക് വേണ്ടി പ്രാർത്ഥിക്കുന്ന അമ്മയുടെ പ്രാർത്ഥന കർത്താവ് കേൾക്കുന്നു'' എന്ന്. ഒരു ദിവസം കഴിഞ്ഞപ്പോൾ തന്നെ എനിക്ക് പിരീഡ്സ് ആയി. പിന്നീട് പിരീഡ്സ് സംബന്ധമായ ബുദ്ധിമുട്ട് എനിക്ക് ഉണ്ടായിട്ടില്ല.

അഞ്ചാമതായി, മൂന്നര വർഷത്തോളമായി എനിക്ക് ശക്തമായ മുടികൊഴിച്ചിൽ ഉണ്ടായിരുന്നു. ധ്യാനം കഴിഞ്ഞതിനുശേഷം വെഞ്ചിരിച്ച ഒലിവ് ഓയിൽ മുടിയിൽ തേച്ച് പ്രാർത്ഥിച്ചത് വഴി മുടി കൊഴിച്ചിൽ പൂർണമായും എടുത്ത് മാറ്റി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ കൊറോണ വന്ന അവസരത്തിൽ ഹോസ്പിറ്റലിൽ രോഗികളെ പരിചരിക്കുന്ന സമയം മുതൽ എനിക്ക് ശക്തമായ ശ്വാസംമുട്ടൽ വന്നിരുന്നു. ധ്യാനത്തിനിടയിൽ അൾത്താരയിൽ നിന്നും ബ്രദർ വിളിച്ചുപറഞ്ഞു: ''ശ്വാസംമുട്ടൽ ഉള്ള വ്യക്തിയെ കർത്താവ് സൗഖ്യപ്പെടുത്തുന്നു'' എന്ന്. അതിനുശേഷം ഇപ്പോൾ മൂന്ന് മാസത്തോളമായി ശ്വാസംമുട്ടൽ വന്നിട്ടില്ല. കൂടാതെ ധ്യാനത്തിന് വന്ന സമയത്ത് എനിക്ക് ശക്തമായ ഷോൾഡർ പെയിൻ ഉണ്ടായിരുന്നു. ''ഷോൾഡർ പെയിൻ ഉള്ള വ്യക്തിയെ കർത്താവ് സുഖപ്പെടുത്തുന്നു'' എന്ന് അച്ചൻ ധ്യാനത്തിനിടയിൽ വിളിച്ചു പറഞ്ഞിരുന്നു. ആ നിമിഷം മുതൽ ഷോൾഡർ പെയിൻ വന്നിട്ടില്ല.

ഇപ്പോൾ മൂന്നര മാസത്തോളമായി യാതൊരുവിധത്തിലും ഉള്ള രോഗാവസ്ഥകൾ എനിക്കില്ല. മൂക്കുത്തി ധരിച്ചത് കൊണ്ടാണ് ഇത്തരത്തിലുള്ള രോഗാവസ്ഥകൾ വന്നത് എന്ന് അച്ചൻ ധ്യാനത്തിനിടയിൽ എടുത്ത ക്ലാസുകളിൽ നിന്നും എനിക്ക് മനസ്സിലായി. മൂക്കുത്തി അഴിച്ചുമാറ്റി പ്രാർത്ഥിച്ചത് വഴി എന്റെ എല്ലാ രോഗങ്ങളും സൗഖ്യപ്പെടുത്തി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

അക്ഷയ, പേരാവൂർ

ലിനു എന്ന വ്യക്തിയെ കർത്താവ് അനുഗ്രഹിക്കുന്നു (അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും)

എന്റെ ഇളയ മകൾ ലിനുവിന് വേണ്ടിയാണ് ഞാൻ ഇവിടെ സാക്ഷ്യപ്പെടുത്തുന്നത്. ഞങ്ങളുടെ കുടുംബത്തിലെ എല്ലാവരും ഡോക്ടർമാരാണ്. എന്റെ മകൾ ലിനു ജൂബിലി ഹോസ്പിറ്റലിൽ അസിസ്റ്റന്റ് പ്രൊഫസറായിട്ട് വർക്ക് ചെയ്യുകയാണ്. **എന്റെ മകളുടെ വിവാഹം കഴിഞ്ഞ് ആറ് വർഷമായിട്ടും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല.** മൂന്നുതവണ ഗർഭിണിയായെങ്കിലും മിസ്കാര്യേജ് വന്നുപോയിരുന്നു. മൂന്നുതവണയും ഗർഭിണിയായ സമയത്ത് ആറാമത്തെ ആഴ്ച കുഞ്ഞിന് ഹാർട്ട് ബീറ്റ് കുറഞ്ഞു പോയി എന്ന കാരണത്താലാണ് മിസ്കാര്യേജ് വന്നുപോയിരുന്നത്. ഞങ്ങൾ എല്ലാവരും വലിയ വിഷമത്തിലായിരുന്നു. പല ഡോക്ടർമാരെ മാറി മാറി കാണിച്ചുവെങ്കിലും പല ടെസ്റ്റുകൾ ചെയ്തുവെങ്കിലും ഫലമുണ്ടായില്ല. എന്റെ മകളുടെ ഹോസ്പിറ്റലിൽ തന്നെ വർക്ക് ചെയ്യുന്ന ഒരു ഡോക്ടർ പറഞ്ഞതനുസരിച്ച് ക്രോമോസോം ടെസ്റ്റ് ചെയ്തപ്പോൾ അതിൽ പ്രശ്നമുണ്ടെന്ന് കണ്ടെത്തി. കഢഎ ട്രീറ്റ്മെന്റ് മാത്രമേ ഇനി ചെയ്യാൻ സാധിക്കൂ എന്ന് ഡോക്ടർമാർ പറഞ്ഞു. സഭയുടെ പഠനത്തിന് വിരുദ്ധമാണെന്ന് അറിഞ്ഞിട്ടും രണ്ടുതവണ കഢഎ ചെയ്തുവെങ്കിലും പരാജയപ്പെട്ടു പോയിരുന്നു. 2024 ജൂൺ മാസം പതിനഞ്ചാം തീയതി ഞാനും ഭർത്താവും ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ശനിയാഴ്ചയിലെ ഒരു ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തിരുന്നു. അന്നേദിവസം റാഫേൽ അച്ചനെ കാണാൻ അവസരം ലഭിച്ചപ്പോൾ മകളുടെ കാര്യം പറഞ്ഞ സമയത്ത് എന്നോടും ഭർത്താവിനോടും ഒരു താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുക്കുവാനും മകളുടെ കഴുത്തിൽ വെന്തിങ്ങ ഇട്ടുകൊടുക്കാനും അച്ചൻ പറഞ്ഞു. അന്ന് മുതൽ എന്റെ മകൾ വെന്തിങ്ങ ധരിച്ചിരുന്നു. തുടർന്ന് അത്ഭുതങ്ങളുടെ ജപമാല നിയോഗം വെച്ച് കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: ''വാടാനപ്പള്ളി ഭാഗത്തുനിന്നും ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്ന ഒരു കുടുംബത്തെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. അത് ഞങ്ങളുടെ കുടുംബം തന്നെയാണെന്ന് ഞങ്ങൾ വിശ്വസിച്ചു പ്രാർത്ഥിച്ചു. കൂടാതെ ''മോളിയോട് ശക്തമായി പ്രാർത്ഥിക്കുക'' എന്നും അച്ചൻ വിളിച്ചു പറഞ്ഞിരുന്നു. പിന്നീട് ഒരു അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് അച്ചൻ വിളിച്ചുപറഞ്ഞു: ''ലിനു എന്ന വ്യക്തിയെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. ഞാൻ ഉറച്ചു വിശ്വസിച്ചു പ്രാർത്ഥിച്ചു. 2024 നവംബർ മാസം എന്റെ മകൾ ഗർഭിണിയായി. ഒരു അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു: ''ഗർഭിണിയായ ഡോക്ടർ ആയ ഒരു ടീച്ചറെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. എന്റെ മകൾ ടീച്ചിംഗ് മേഖലയിലാണ് ജോലി ചെയ്യുന്നത്. ഞങ്ങൾ വിശ്വസിച്ചു പ്രാർത്ഥിച്ചു. പന്ത്രണ്ടാമത്തെ ആഴ്ച സ്കാൻ ചെയ്തപ്പോൾ കുഞ്ഞിന് ഹാർട്ട് ബീറ്റ് ഉണ്ടായിരുന്നു. ഞങ്ങൾക്ക് വലിയ സന്തോഷമായി. അഞ്ചാംമാസം വരെ മകൾക്ക് യാതൊരുവിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും ഉണ്ടായിരുന്നില്ല. അഞ്ചാം മാസത്തിനുശേഷം വലിയ പ്രതിസന്ധികളിലൂടെ ആണ് എന്റെ മകൾ കടന്നുപോയിക്കൊണ്ടിരുന്നത്. അവസാനത്തെ സ്കാനിങ് ചെയ്ത സമയത്ത് കുഞ്ഞിന്റെ ഹൃദയത്തിന്റെ ഭാഗത്ത് ഒരു തടിപ്പുണ്ടെന്ന് കണ്ടെത്തി. ഹൃദയത്തിന്റെ ഭാഗത്ത് കണ്ടെത്തിയ തടിപ്പ് ഡൗൺ സിൻഡ്രോമിന്റെ ലക്ഷണം ആയിരുന്നു. പല ടെസ്റ്റുകൾ ചെയ്യാനായി ഡോക്ടർമാർ പറഞ്ഞുവെങ്കിലും ദൈവത്തിൽ ആശ്രയിച്ച് ഞങ്ങൾ മുന്നോട്ടു പോയി. 9 മാസവും എല്ലാ ശനിയാഴ്ചയും മുടങ്ങാതെ ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തും തുടർച്ചയായി അത്ഭുതങ്ങളുടെ ജപമാല കണ്ടും ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 2025 ജൂൺ മാസം 15-ാം തിയ്യതി ഒരു പെൺകുഞ്ഞിനെ നൽകി കർത്താവ് അനുഗ്രഹിച്ചു. കുഞ്ഞ് ജനിച്ചതിനുശേഷം ശ്വാസ തടസ്സം ഉണ്ടായതിനാൽ ICU വിൽ ആയിരുന്നു. തുടർന്ന് ടെസ്റ്റ് ചെയ്തപ്പോൾ കുഞ്ഞിന്റെ അഡ്രിനാൽ ഗ്ലാൻഡിന് പ്രശ്നമുണ്ടെന്നും ചെവിക്ക് കേൾവിശക്തി ഇല്ലെന്നും ഡോക്ടർ പറഞ്ഞു. ഞങ്ങൾ വളരെ വിഷമത്തിലായി. അത്ഭുതങ്ങളുടെ ജപമാല കണ്ട് കുഞ്ഞിന്റെ ആരോഗ്യത്തിന് വേണ്ടി ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രണ്ടാഴ്ച കഴിഞ്ഞ് ടെസ്റ്റ് ചെയ്തപ്പോൾ കുഞ്ഞിന്റെ അഡ്രിനാൽ ഗ്ലാൻഡിന് യാതൊരു പ്രശ്നവുമില്ലെന്ന് റിസൾട്ട് വന്നു. അപ്പോഴും ചെവിയ്ക്ക് കേൾവി ശക്തിയുണ്ടായിരുന്നില്ല. വീണ്ടും ഞങ്ങൾ കുടുംബം ഒരുമിച്ചിരുന്ന് 33 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാം എന്ന് നിയോഗം വച്ചു. തുടർച്ചയായി അത്ഭുതങ്ങളുടെ ജപമാല കണ്ടു കൊണ്ടിരുന്നു. 33-ാമത്തെ ദിവസം അച്ചൻ വിളിച്ചു പറഞ്ഞു: ''30 ദിവസം പ്രായമായ മാസം തികയാതെ പ്രസവിച്ച ഒരു പെൺകുഞ്ഞിനെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. അടുത്ത ആഴ്ച ടെസ്റ്റ് ചെയ്യാൻ ചെന്നപ്പോൾ അത്ഭുതമെന്നു പറയട്ടെ കുഞ്ഞിന്റെ കേൾവി ശക്തി പൂർണമായും തിരിച്ചു കിട്ടിയിട്ടുണ്ട് എന്ന് ഡോക്ടർ പറഞ്ഞു. രണ്ട് ചെവിയും ഒരുപോലെ കേൾക്കാനാവുന്ന വിധത്തിൽ സൗഖ്യം നൽകി കർത്താവ് അത്ഭുതം പ്രവർത്തിച്ചു. കൂടാതെ സ്കാൻ ചെയ്ത സമയത്ത് കുഞ്ഞിന്റെ ഹൃദയത്തിന്റെ ഭാഗത്ത് ഉണ്ടായിരുന്ന തടിപ്പ് പിന്നീട് കാണാൻ ഉണ്ടായിരുന്നില്ല. ആരോഗ്യമുള്ള കുഞ്ഞിനെ നൽകി ഞങ്ങളെ അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

മോളി
വാടാനപ്പിള്ളി

12 വർഷമായിട്ടുള്ള വിൽപന തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു (ഏൽ റൂഹ ഏകദിന ബൈബിൾ കൺവെൻഷൻ)

എനിക്ക് പരിചയമുള്ള ഒരു സിസ്റ്റർ പറഞ്ഞിട്ടാണ് കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തെക്കുറിച്ച് ഞാൻ അറിയുന്നത്. 12 വർഷമായി എന്റെ ഒരു സ്ഥലം വിൽക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടെങ്കിലും വലിയ തടസ്സമായിരുന്നു. ഈ സമയത്ത് ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ അഞ്ച് തവണ ഏകദിന ബൈബിൾ കൺവെൻഷനിൽ പോയി പങ്കെടുത്ത് പ്രാർത്ഥിക്കാനും ആറാമത്തെ തവണ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ ചെന്ന് റാഫേൽ അച്ചനെ കണ്ട് നിയോഗം പറയാനും സിസ്റ്റർ എന്നോട് ആവശ്യപ്പെട്ടു. സിസ്റ്റർ പറഞ്ഞതനുസരിച്ച് അഞ്ച് ശനിയാഴ്ച ഏകദിന ബൈബിൾ കൺവെൻഷനിൽ വന്ന് ഞാൻ പങ്കെടുത്തു പ്രാർത്ഥിച്ചിരുന്നു. ആറാമത്തെ ശനിയാഴ്ച ഏകദിന കൺവെൻഷനിടയിൽ റാഫേൽ അച്ചനെ കാണാൻ അവസരം ലഭിച്ചപ്പോൾ എന്റെ സ്ഥല വിൽപ്പന തടസ്സത്തിന്റെ കാര്യം ഞാൻ അച്ചനോട് പറഞ്ഞു. അപ്പോൾ സ്റ്റാളിൽ നിന്നും വെഞ്ചിരിച്ച കല്ലുപ്പ് വാങ്ങി വിൽക്കാനുള്ള സ്ഥലത്ത് വിതറി പ്രാർത്ഥിക്കാനായി അച്ചൻ എന്നോട് ആവശ്യപ്പെട്ടു. അച്ചൻ പറഞ്ഞതനുസരിച്ച് സ്റ്റാളിൽ നിന്നും വെഞ്ചിരിച്ച കല്ലുപ്പ് ഞാൻ വാങ്ങിക്കുകയും ചെയ്തു. വിൽക്കാനുള്ള എന്റെ സ്ഥലത്തേക്ക് വെഞ്ചിരിച്ച കല്ലുപ്പ് വിതറാനായി ഞാൻ ചെന്നപ്പോൾ അത്ഭുതം എന്ന് പറയട്ടെ, 12 വർഷമായി വിൽപ്പന നടക്കാതിരുന്ന ആ സ്ഥലം വാങ്ങിക്കുവാനായി പണവുമായി ഒരു വ്യക്തി വന്നു നിൽക്കുന്നതാണ് ഞാൻ കണ്ടത്. അന്നേ ദിവസം തന്നെ ഇടപാടുകൾ നടക്കുകയും അതിനുശേഷം അത്ഭുതകരമായ രീതിയിൽ ആ സ്ഥലത്തിന്റെ വിൽപന നടക്കുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

ജോണിച്ചൻ, പാല

കുഞ്ഞിന്റെ കഴുത്തിന് ചുറ്റുമുള്ള വ്രണവും ദുർഗന്ധവും വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചതിലൂടെ കർത്താവ് സുഖപ്പെടുത്തി അനുഗ്രഹിച്ചു (ഭൂതോച്ചാടന വസ്തുക്കളുടെ പ്രാധാന്യം)

എന്റെ രണ്ടുമാസം പ്രായമുള്ള കുഞ്ഞിന്റെ കഴുത്തിനു ചുറ്റും വ്രണം പോലെ കുരുക്കൾ ഉണ്ടായിരുന്നു. ചുവന്ന നിറത്തിൽ കുമിളകൾ വരുകയും അത് പൊട്ടി അതിൽ നിന്നും വെള്ളം വരുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. വലിയ ദുർഗന്ധമായിരുന്നു വന്നിരുന്നത്. മൂക്കുപൊത്തിയിട്ടാണ് കുഞ്ഞിനെ ഞങ്ങൾ എടുത്തിരുന്നത്. ഓയിൻമെന്റ് പുരട്ടി പ്രാർത്ഥിക്കുന്ന സമയത്ത് കുറച്ചു സമയത്തേക്ക് മാറുമെങ്കിലും വീണ്ടും കുമിള പൊട്ടി വെള്ളം വരുന്ന അവസ്ഥയായിരുന്നു. പൗഡർ ഇടുന്ന സമയത്ത് സ്കിൻ അടക്കം പൊളിഞ്ഞു വരുന്ന അവസ്ഥയായിരുന്നു. 2025 ൽ ബാംഗ്ലൂർ RRC ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന റാഫേൽ അച്ചന്റെ ഏൽ റൂഹ ധ്യാനത്തിൽ എന്റെ ഭർത്താവ് എല്ലാ ദിവസവും പങ്കെടുത്തിരുന്നു. റാഫേൽ അച്ചനെ കണ്ട് പ്രാർത്ഥിക്കാൻ അവസരം കിട്ടിയപ്പോൾ ഞാൻ എന്റെ കുഞ്ഞിനെയും കൊണ്ട് അച്ചനെ കാണാൻ പോയിരുന്നു. കുഞ്ഞിന്റെ രോഗാവസ്ഥയെ കുറിച്ച് പറഞ്ഞപ്പോൾ അച്ചൻ കുഞ്ഞിന്റെ ശിരസ്സിൽ കൈവെച്ച് പ്രാർത്ഥിക്കുകയും വെഞ്ചിരിച്ച ഒലിവ് ഓയിൽ വിശ്വാസപ്രമാണം ചൊല്ലി കുഞ്ഞിന്റെ കഴുത്തിനുചുറ്റും പുരട്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് വിശ്വാസപ്രമാണം ചൊല്ലി വെഞ്ചിരിച്ച ഒലിവ് ഓയിൽ കഴുത്തിന് ചുറ്റും പുരട്ടി ഞങ്ങൾ പ്രാർത്ഥിച്ചു. അത്ഭുതമെന്ന് പറയട്ടെ കുഞ്ഞിന്റെ കഴുത്തിനു ചുറ്റുമുണ്ടായിരുന്ന വ്രണം പൂർണമായും സുഖപ്പെട്ടു. ഒരു പാട് പോലും ഇല്ലാത്ത രീതിയിൽ അത്ഭുത രോഗശാന്തി നൽകി കർത്താവ് ഞങ്ങളുടെ കുഞ്ഞിനെ അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.



സ്വീറ്റി, ബാംഗ്ലൂർ

ബിൻസി എന്ന മകളുടെ തൈറോയ്ഡ് കർത്താവ് സൗഖ്യപ്പെടുത്തുന്നു (ശാലോം ഏൽ റൂഹ ദൈവവചന ശുശ്രൂഷ)

2025 മാർച്ച് മാസത്തിൽ തൈറോയ്ഡിന്റെ ലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ടെസ്റ്റ് ചെയ്തപ്പോൾ മൂന്നാമത്തെ സ്റ്റേജിൽ ആണെന്ന് റിസൾട്ട് വന്നു. കൂടാതെ ബയോപ്സിക്കയക്കണം എന്ന് ഡോക്ടർ പറഞ്ഞു. തുടർന്ന് ബയോപ്സിക്കയക്കുകയും ചെയ്തു. റിസൾട്ട് വന്നപ്പോൾ യാതൊരു കുഴപ്പവും ഉണ്ടായിരുന്നില്ല. രണ്ട് ഡോക്ടേഴ്സിനെ കാണിച്ചിരുന്നു. രണ്ടാമത്തെ ഡോക്ടർ സർജറി ചെയ്യണം എന്ന് പറഞ്ഞു. മൂന്നാമത് ഒരു ഡോക്ടറെ കാണിച്ചപ്പോൾ ചികിത്സയിലൂടെ മാറുമോ എന്ന് നോക്കാം എന്നു പറഞ്ഞു. എന്റെ കൂട്ടുകാരി ഓഗസ്റ്റ് മാസം

23-ാം തിയതി ശാലോം ടിവിയിലെ ഏൽ റൂഹ ദൈവവചന ശുശ്രൂഷ കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: ''ബിൻസി എന്ന മകളുടെ തൈറോയ്ഡ് കർത്താവ് സൗഖ്യപ്പെടുത്തുന്നു'' എന്ന്. പിറ്റേദിവസം ഈ എപ്പിസോഡ് കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞത് ഞാൻ കേട്ടു. എനിക്കും എന്റെ ഭർത്താവിനും വലിയ വിശ്വാസമായി. പിറ്റേദിവസം തിങ്കളാഴ്ച ഹോസ്പിറ്റലിൽ ചെന്ന് സ്കാനിംഗ് ചെയ്യുകയും രക്തം പരിശോധിക്കുകയും ചെയ്തു. റിസൾട്ട് വന്നപ്പോൾ എല്ലാം നോർമൽ ആയിരുന്നു. പഴയ റിപ്പോർട്ടും പുതിയ റിപ്പോർട്ടും വച്ച് നോക്കിയിട്ട് ഡോക്ടർ ഞങ്ങളോട് ചോദിച്ചു: ''എല്ലാം നോർമൽ ആവാൻ വേണ്ടി നിങ്ങൾ എന്ത് ട്രീറ്റ്മെന്റാണ് ചെയ്തത്'' എന്ന്. അത്ഭുത രോഗശാന്തി നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

രണ്ടാമതായി, 6 വർഷത്തോളമായി എനിക്കും എന്റെ ഭർത്താവിനും മാറി മാറി രോഗങ്ങൾ വരുമായിരുന്നു. ആഴ്ചയിൽ 2 ദിവസമെങ്കിലും രാത്രി സമയങ്ങളിൽ എന്റെ ഭർത്താവിന് BP കുറയുകയും ഷുഗർ കൂടുകയും ശർദി വരികയും ചെയ്യുമായിരുന്നു. ഹോസ്പിറ്റലിൽ ട്രിപ്പ് ഇട്ട് കിടക്കേണ്ട അവസ്ഥ വരെ ഉണ്ടായിട്ടുണ്ട്. 2024 ഡിസംബർ മാസത്തിൽ ഞാൻ താമസിച്ചുള്ള ഒരു ഏൽ റൂഹ ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ധ്യാനത്തിനിടയിൽ അച്ചനെ കണ്ട് ഈ കാര്യം പറഞ്ഞപ്പോൾ തുടർച്ചയായി അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാനും വെഞ്ചിരിച്ച കല്ലുപ്പ് വീടിന് ചുറ്റും വിതറി പ്രാർത്ഥിക്കാനും അച്ചൻ പറഞ്ഞു. ധ്യാനം കഴിഞ്ഞ ഉടനെ വീടിനു ചുറ്റിലും വെഞ്ചിരിച്ച കല്ലുപ്പ് ഇട്ട് പ്രാർത്ഥിക്കുകയും അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുകയും ചെയ്തു. കൂടാതെ വെഞ്ചിരിച്ച ഒലിവ് ഓയിലും വെഞ്ചിരിച്ച തേനും കഴിച്ചിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: ''ഡൊമിനിക്കിനെ കർത്താവ് അനുഗ്രഹിക്കുന്നു'' എന്ന്. എന്റെ ഭർത്താവിന്റെ പേര് ഡൊമിനിക് എന്നാണ്. അതിനു ശേഷം പിന്നീട് ഞങ്ങൾക്ക് മാറിമാറി രോഗം വന്നിട്ടില്ല. ഇപ്പോൾ 10 മാസമായിട്ട് എന്റെ ഭർത്താവിന് അസുഖം വരുകയോ രാത്രിയിൽ ഹോസ്പിറ്റലിൽ പോവേണ്ടി വരുകയോ ചെയ്തിട്ടില്ല.

മൂന്നാമതായി, എന്റെ മകൾക്ക് ജർമ്മനിയിൽ നഴ്സിംഗിന് അഡ്മിഷൻ കിട്ടുന്നതിന് വലിയ തടസ്സമായിരുന്നു. ജോലി കിട്ടിയാൽ ആദ്യത്തെ സാലറി ദശാംശം നൽകാം എന്ന് നിയോഗം വച്ച് പ്രാർത്ഥിച്ചത് വഴി ഹോസ്പിറ്റലിൽ നഴ്സിംഗിന് അഡ്മിഷൻ നൽകി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

ബിൻസി
മഞ്ചേരി